# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**
**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ഐ.ഡി.കെ.പി.6/1043/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 01/11/2025
ഇ-മെയിൽ:
doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6/1043/2025 | തീയ്യതി: 01/11/2025

## ഇടുക്കി ജില്ലയിലെ പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2024 മുതൽ 09-08-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജേഷ് സി. ഹരിബാൽ | ഡെപ്യൂട്ടി ഡയറക്ടർ | 11-08-2025 | 18-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-08-2025 | 18-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി. സൂസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. ഷാന്റി ജോർജ്, ഓഡിറ്റ് ഓഫീസർ
ശ്രീ. ബെന്നി മാത്യു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അലി എ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഷൈനി എം. ആർ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി.റ്റി ഷിഹാബ് | പ്രസിഡന്റ് | 01-04-2024 | 04-11-2024 |
| ശ്രീമതി സരിത രാജേഷ് | പ്രസിഡന്റ് | 05-11-2024 | 20-11-2024 |
| ശ്രീ ജോസ് ജോസഫ് | പ്രസിഡന്റ് | 21-11-2024 | 31-03-2025 |
| ശ്രീ സ്റ്റാലിൻ ജോസ് ഇ.റ്റി | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സിമി കെ. ജോർജ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 10-09-2024 |
| ശ്രീ. സുരേഷ് കുമാർ പി.ബി. | അസിസ്റ്റന്റ് സെക്രട്ടറി | 11-09-2024 | 31-03-2025 |
| ശ്രീമതി. ഗീതു ജി. പണിക്കർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഡോ. റ്റിജു പി. ജോസഫ് | മെഡിക്കൽ ഓഫീസർ (പി.എച്ച് .സി.) | 01-04-2024 | 31-08-2024 |
| ഡോ. പ്രശാന്ത് വി. കെ. | മെഡിക്കൽ ഓഫീസർ (പി.എച്ച് .സി.) | 01-09-2024 | 18-10-2024 |
| ഡോ. മിലി എം. | മെഡിക്കൽ ഓഫീസർ (പി.എച്ച് .സി.) | 19-10-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ. ജി.ഹരികുമാർ | മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) | 01-04-2024 | 29-07-2024 |
| ഡോ.ജീന കെ.കെ. | മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) | 30-07-2024 | 31-03-2025 |
| ഡോ.അപർണ്ണ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. അരുൺ പ്രസാദ് | വെറ്ററിനറി സർജൻ | 01-04-2024 | 30-06-2024 |
| ഡോ. ഗണേശൻ | വെറ്ററിനറി സർജൻ | 01-07-2024 | 10-09-2024 |
| ഡോ. മുതൽ രാജ് | വെറ്ററിനറി സർജൻ | 11-09-2024 | 31-03-2025 |
| ശ്രീ. ബോൻസി ജോസഫ് | അഗ്രികൾച്ചർ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. സൗമ്യ റേച്ചൽ വർഗീസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. അഖിൽ ശശി | വി.ഇ.ഒ. | 01-04-2024 | 31-03-2025 |
| ശ്രീമതി. ഫിലോമിന വർഗീസ് | ഹെഡ്മിസ്ട്രസ്സ് | 01-04-2024 | 13-06-2024 |
| ശ്രീ. നാഗേന്ദ്രൻ എസ്. | ഹെഡ്മാസ്റ്റർ | 14-07-2024 | 31-03-2025 |
| ശ്രീമതി. ശശികല കെ. എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 27-04-2024 |
| ശ്രീമതി. ബിന്ദു എം. കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 28-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല | 1-1-4 |
| 6 | വസ്തുനികുതി - കുടിശ്ശികത്തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധരേഖകൾ ഇല്ല | 1-1-6 |
| 8 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് - പാർട്ട്ബിൽത്തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ഗ്രാന്റുകളുടെ വരവ് - ചെലവ് തുകകൾ വാർഷികകണക്കിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല. | 1-1-8 |
| 10 | ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ തുക ചേർത്തിട്ടില്ല | 1-1-9 |
| 11 | വാർഷികകണക്കിലെ തുകയും ബന്ധപ്പെട്ട രജിസ്റ്ററിൽ/രേഖയിൽ ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | ഗ്രാന്റ് വിനിയോഗം | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം - നിശ്ചിതശതമാനം ചെലവഴിച്ചില്ല - 2026-2027 - ൽ ₹1,58,81,582/- ലാപ്സാകും | 1-3-1 |
| 15 | പദ്ധതി അവലോകനം | 1-4 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 17 | ക്ഷേമപെൻഷനുകൾ | 1-6 |
| 18 | ക്യാഷ് പരിശോധന | 1-7 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 20 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് നാളിതുവരെ ബാങ്കിൽ ക്രഡിറ്റ് ആയില്ല | 1-9 |
| 21 | വസ്തുനികുതി - വാർഷികധനകാര്യപത്രികയിലെയും ഡി.സി.ബി.രജിസ്റ്ററിലെയും കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-10 |
| 22 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ ഒഴിഞ്ഞു കിടക്കുന്നു. | 1-11 |
| 23 | കെട്ടിടമുറികൾ - ലൈസൻസ് അപേക്ഷയിലെയും സഞ്ചയയിലെയും ഉപയോഗക്രമത്തിൽ വ്യത്യാസം | 1-12 |
| 24 | വസ്തുനികുതി പരിഷ്കരണം - 2023-2024 - തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-13 |
| 25 | സർക്കാർ സാധൂകരണം ലഭ്യമാക്കാതെ യാത്രാബത്ത അനുവദിച്ചു - ₹6,650/- തടസ്സപ്പെടുത്തുന്നു | 1-14 |
| 26 | സർക്കാർ നിർദേശത്തിലും അധികം തുക കുടിവെള്ളവിതരണത്തിന് ചെലവഴിച്ചു - ₹54,560/- തടസ്സപ്പെടുത്തുന്നു. | 1-15 |
| 27 | പ്രവർത്തനരഹിതമായ സ്ട്രീറ്റ് ടാപ്പുകൾക്ക് വൻതുക ഡിമാന്റ് ചെയ്യുന്നു | 1-16 |
| 28 | ബാലഗ്രാം ടർഫ് - പ്രവർത്തനസജ്ജമാക്കുന്നില്ല | 1-17 |
| 29 | K-SMART ആപ്ലിക്കേഷൻ - പ്രായോഗികബുദ്ധിമുട്ടുകൾ | 1-18 |
| 30 | അങ്കണവാടി - അനുപൂരകപോഷകാഹാരം - നികുതി ഈടാക്കിയില്ല. | 1-19 |
| 31 | ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് കെ.എസ്.ഇ.ബി.-യ്ക്ക് തുക നൽകൽ - അനിവാര്യചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തി നടപ്പാക്കി | 1-20 |
| 32 | തെരുവ് വിളക്ക് സ്ഥാപിച്ചതിന്റെ കൃത്യമായ വിശദാംശങ്ങൾ ലഭ്യമല്ല - ₹7,00,000/- തടസ്സപ്പെടുത്തുന്നു. | 1-21 |
| 33 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭിച്ചില്ല | 1-22 |
| 34 | ഒരേ ഗുണഭോക്താവിന് രണ്ടു തവണ പമ്പ് സെറ്റ് വിതരണം ചെയ്തു | 1-23 |
| 35 | വിജിലൻസ് സ്ക്വാഡ് രൂപീകരണം - പ്രവർത്തനവിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-24 |
| 36 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണതോതിൽ ലഭിച്ചില്ല | 1-25 |
| 37 | പ്രാഥമികാരോഗ്യകേന്ദ്രങ്ങൾക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1-26 |
| 38 | ടർഫ് നിർമ്മാണം - ടർഫ് ഗ്രാസ്സിന്റെ ഗുണനിലവാരമുറപ്പാക്കാതെ അധികം നിരക്ക് നൽകി | 1-27 |
| 39 | തേർഡ് ക്യാമ്പ് എൽ.പി. സ്ക്കൂൾ കോമ്പൗണ്ടിൽ ടർഫ് നിർമ്മാണം - തുടർപ്രവർത്തനങ്ങൾ വിഭാവനം ചെയ്ത് നടപ്പാക്കിയില്ല | 1-28 |
| 40 | നിർമ്മാണപ്രവൃത്തികളുടെ സംരക്ഷണം ഉറപ്പാക്കിയില്ല | 1-29 |
| 41 | മരാമത്ത് പ്രവൃത്തികൾ നല്ല ശതമാനവും പൂർത്തിയാക്കാൻ കഴിയുന്നില്ല | 1-30 |
| 42 | സാമൂഹ്യസുരക്ഷാപെൻഷൻ - അനർഹമായ കാലയളവിൽ തുക അനുവദിച്ചു | 1-31 |
| 43 | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നില്ല | 1-32 |
| 44 | ജനറൽ കമ്മറ്റി മിനിട്ട്സ് അംഗീകരിക്കുന്നതിൽ കാലതാമസം നേരിടുന്നു. | 1-33 |
| 45 | ദുരിതാശ്വാസനിധി സജീവമമല്ല | 1-34 |
| 46 | സാന്ത്വനപരിചരണംല- പാലിയേറ്റീവ് രോഗികൾക്ക് മരുന്നുകൾ ലഭ്യമാക്കിയില്ല | 1-35 |
| 47 | സ്ഥിരനിക്ഷേപം - കാലാവധി കാലികമായി പുതുക്കുന്നില്ല | 1-36 |
| 48 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-37 |

| | | |
|---|---|---|
| 49 | ജൽജീവൻ മിഷൻ പദ്ധതി - അവലോകനം | 1-38 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | തേർഡ് ക്യാമ്പ് ഗവ.എൽ.പി.സ്കൂൾ - ടർഫ് നിർമ്മാണം - ഉപയോഗിച്ച ടർഫ് മെറ്റീരിയലിന്റെ മാർക്കറ്റ് നിരക്ക് ഉറപ്പാക്കാതെ തുക നൽകി - നഷ്ടം - ₹87,666/- | 3-1 |
| 2 | ഒരേ ഗുണഭോക്താവിന് രണ്ടു തവണ പമ്പ് സെറ്റ് വിതരണം ചെയ്തു - നഷ്ടം - ₹7,000/- | 3-2 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച് പരിശോധന | 4-1 |
| 2 | സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃതഓഡിറ്റ്റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994 - ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 215(4), 2011 - ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മാനുവൽ അദ്ധ്യായം 4, ഖണ്ഡിക നം. 4.2.1 & അദ്ധ്യായം 11, ഖണ്ഡിക നം.11.3, സംസ്ഥാനഗവൺമെന്റ്, കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 26.06.2025 - ലെ 2(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 21.07.2025 – ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള പാമ്പാടുംപാറ ഗ്രാമപ്പഞ്ചായത്തിന്റെ 2025 മാർച്ചിൽ അവസാനിച്ച വർഷത്തിലെ റെസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തികപ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്വമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും, C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തികപ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തികപ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധറിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധറിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി പാമ്പാടുംപാറ ഗ്രാമപ്പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വാർഷികസാമ്പത്തികപ്രസ്താവനകൾ സാമ്പത്തികഫലത്തെക്കുറിച്ചും സാമ്പത്തികനിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു

തൊടുപുഴ
01.11.2025 ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011 – ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ്, റൂൾ 62(2) (ഇ), (എഫ്) എന്നിവ പ്രകാരം, വാർഷികധനകാര്യപത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായറിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാനഅനുപാതങ്ങൾ എന്നിവ വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ 'Net Increase/(Decrease) In Cash And Cash Equivalents' -ൽ രേഖപ്പെടുത്തിയ തുകയും (₹80,25,616/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity (A+B+C)' – ൽ രേഖപ്പെടുത്തിയ തുകയും (₹1,85,82,507/-) തുല്യമല്ല. ആയതിനാൽ പത്രിക പ്രകാരം സാമ്പത്തികവർഷത്തിലെ ആകെ കാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്ത തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26.07.2011 - ലെ സ.ഉ.(കൈ)നം.152/2011/ത.സ്വ.ഭ.വ. – ലെ നിർദ്ദേശങ്ങൾക്കനുസൃതമായി, പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വിവിധ ഷെഡ്യൂളുകളിൽ 31.03.2025 – ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികത, കൃത്യത എന്നിവ വ്യക്തമല്ല. കൂടാതെ, ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല .

## 1-1-4 തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല

എല്ലാ ആസ്തികൾക്കും ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയ ഇനങ്ങളുടെ സംഗതിയിൽ, വർക്ക്ഷീറ്റ് ലഭ്യമാക്കാത്തതിനാൽ തേയ്മാനം നിശ്ചിതനിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല.

**1-1-5 വസ്തുനികുതി - കുടിശ്ശികത്തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല**

വാർഷികകണക്കുകൾ പ്രകാരം, കുടിശ്ശികയുള്ള വസ്തുനികുതിയിൽ, സർക്കാർ നിർദ്ദേശിച്ച നിരക്കിൽ കിട്ടാക്കടം എന്ന പ്രൊവിഷൻ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് ലഭിക്കാനിടയില്ലാത്ത തുക കിട്ടാനുള്ളതായി കരുതുന്നതിന് ഇടവരുത്തുകയും സ്ഥാപനത്തിന്റെ ധനസ്ഥിതിയെ തെറ്റായി ചിത്രീകരിക്കുവാൻ ഇടവരുത്തുകയും ചെയ്യുന്നു. Income & Expenditure Statement – ൽ പ്രസ്തുത തുക ഷെഡ്യൂൾ ഐ-16 – ൽ ഉൾപ്പെടുത്താതിരുന്നതിനാൽ Deficit തുകയിൽ വ്യത്യാസം വന്നിരിക്കുന്നു.

**1-1-6 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധരേഖകൾ ഇല്ല**

ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ രേഖകൾ ഇല്ല. ₹1,52,400/- മുൻകാല ചെലവായി എഴുതിതള്ളിയതിന്റെ (ഷെഡ്യൂൾ 1-18) സാക്ഷ്യപ്പെടുത്തിയ ജേണൽ വൗച്ചറുകളും അനുബന്ധരേഖകളും ഹാജരാക്കിയില്ല. I-19 - ലെ റെന്റ് ഫ്രം ബിൽഡിംഗ് എന്നയിനത്തിലെ ₹-37,414/- ന്റെ വിശദാംശവും ലഭ്യമായിട്ടില്ല.

**1-1-7 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് - പാർട്ട്ബിൽത്തുകകൾ പൊരുത്തപ്പെടുന്നില്ല**

അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്ക് പ്രകാരം, തൻവർഷം പൊതുമരാമത്ത് പ്രവൃത്തികളിലായി ₹4,00,858/- പാർട്ട് ബില്ല് നൽകിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ Capital Work-In-Progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയ തുക ₹29,93,483/- മാത്രമാണ്.

**1-1-8 ഗ്രാന്റുകളുടെ വരവ് - ചെലവ് തുകകൾ വാർഷികകണക്കിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല.**

1. ധനകാര്യ കമ്മീഷൻ ഗ്രാന്റ് – അൺടൈഡ്, സംരക്ഷണ ഗ്രാന്റ് - റോഡിതരം എന്നീയിനങ്ങളുടെ ഗ്രാന്റ് പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചെലവ് തുകകൾ, വാർഷികധനകാര്യപത്രികയിലെ ചെലവ് തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

2. തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവുകൾ, തൊഴിലാളികളുടെ കൂലി എന്നീയിനങ്ങളുടെ വരവ്- ചെലവ് കണക്കുകൾ വാർഷിക കണക്കിലെ ഈ ഇനത്തിലെ വരവ്-ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

**1-1-9 ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ തുക ചേർത്തിട്ടില്ല**

തൻവർഷം വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റായി ₹4,89,233/- നല്കിയിട്ടുണ്ട്. പണി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്ത പ്രസ്തുത തുകയുടെ വിവരം ബാലൻസ് ഷീറ്റിൽ (ഷെഡ്യൂൾ B-18) പ്രതിഫലിച്ചിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക നം. 4-3 – ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-1-10 വാർഷികകണക്കിലെ തുകയും ബന്ധപ്പെട്ട രജിസ്റ്ററിൽ/രേഖയിൽ ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല**

1. തൊഴിലുറപ്പ് പദ്ധതി രജിസ്റ്റർ പ്രകാരം, മുൻകൂർ ലഭിച്ചതിൽ ഗ്രാമപ്പഞ്ചായത്തിന് തിരികെ നൽകാനുള്ളത് ₹2,703,209/- മാത്രമാണ്. എന്നാൽ വാർഷികധനകാര്യപത്രിക പ്രകാരം, ഗ്രാമപ്പഞ്ചായത്തിന് ലഭിക്കാനുള്ള തുക ₹67,72,754/- ആണ്. ₹40,69,545/- – യുടെ വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

2. നിലവിൽ ലഭ്യമാക്കിയ സ്ഥിരനിക്ഷേപസർട്ടിഫിക്കറ്റ് പ്രകാരം സ്ഥിരനിക്ഷേപം ₹21,69,820/- ആണ്. എന്നാൽ വാർഷികധനകാര്യപത്രികയിൽ ഈയിനത്തിലെ നീക്കിയിരിപ്പ് ₹21,72,166/- ആകുന്നു.

**1-2 ബജറ്റ്**

| ഇനം. | തീരുമാനം നമ്പർ/തീയതി |
|---|---|
| ബജറ്റ് നിർദ്ദേശങ്ങൾ ക്ഷണിക്കൽ | 7/1/29.12.2023 |
| സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകാരം | 3/05.02.2024 |
| ഭരണസമിതി അംഗീകാരം | 1/1/12.02.2024 |
| ബജറ്റ് പുതുക്കൽ | 8/1/17.03.2025 |

| ഇനം. | പുതുക്കിയ ബജറ്റ് (₹) |
|---|---|
| മുന്നിരിപ്പ് | 16,49,993/- |
| വരവ് | 26,50,50,735/- |
| ആകെ | 26,67,00,728/- |
| ചെലവ് | 26,19,73,758/- |

| | |
|---|---|
| നീക്കിയിരുപ്പ് | 47,26,970/- |

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| വികസനഫണ്ട് | പൊതുവിഭാഗം | 0 | 1,95,78,000/- | 1,95,78,000/- | 1,68,20,284/- | 27,57,716/- |
| | എസ്.സി.പി. | 0 | 74,80,000/- | 74,80,000/- | 63,18,580/- | 11,61,420/- |
| | ടി.എസ്.പി. | 0 | 3,25,000/- | 3,25,000/- | 2,15,255/- | 1,09,745/- |
| സംരക്ഷണഗ്രാന്റ് | റോഡ് | 0 | 4,30,07,000/- | 4,30,07,000/- | 2,13,21,185/- | 2,16,85,815/- |
| | റോഡിതരം | 0 | 1,95,50,000/- | 1,95,50,000/- | 1,28,87,578/- | 66,62,422/- |
| ധനകാര്യകമ്മീഷൻഗ്രാന്റ് | അൺറ്റൈഡ് | 54,41,521/- | 38,51,503/- | 92,93,024/- | 16,80,599/- | 76,12,425/- |
| | റ്റൈഡ് | 68,56,866/- | 70,00,000/- | 1,38,56,866/- | 35,12,269/- | 1,03,44,597/- |
| ഹെൽത്ത് ഗ്രാന്റ് | ഡയഗോസ്റ്റിക് | 4,30,203/- | 3,55,297/- | 7,85,500/- | 5,38,238/- | 2,47,262/- |
| | വെൽനസ് | 5,74,900/- | 5,72,608/- | 11,47,508/- | 4,97,491/- | 6,50,017/- |
| വെള്ളപ്പൊക്ക ദുരിതാശ്വാസം | | 28,007/- | 0 | 28,007/- | 28,007/- | 0 |
| ഐ.സി.ഡി.എസ്. | | 22,88,095/- | 21,59,839/- | 44,47,934/- | 6,99,750/- | 37,48,184/- |
| ശുചിത്വമിഷൻ | | 20,78,781/- | 0 | 20,78,781/- | 0 | 20,78,781/- |
| ക്രിമറ്റോറിയം | | 13,00,000/- | 0 | 13,00,000/- | 0 | 13,00,000/- |
| ജലനിധി | | 33,99,672/- | 92,528/- | 34,92,200/- | 0 | 34,92,200/- |
| സമ്പൂർണ്ണശുചിത്വം | | 5,47,152/- | 0 | 5,47,152/- | 0 | 5,47,152/- |
| പകർച്ചവ്യാധി നിയന്ത്രണം | | 58,564/- | 0 | 58,564/- | 0 | 58,564/- |
| ലൈഫ് – സ്റ്റേറ്റ് വിഹിതം | | 10,10,000/- | 18,70,000/- | 28,80,000/- | 0 | 28,80,000/- |
| ആയുഷ്, കുടുംബശ്രീ ചലഞ്ച് | | 51,12,724/- | 0 | 51,12,724/- | 13,33,333/- | 37,79,391/- |

* വികസനഫണ്ട് (പൊതുവിഭാഗം, എസ്.സി.പി., റ്റി.എസ്.പി.) വരവ്-ചെലവുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അവ വാർഷികകണക്കിലെ തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

* ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്, അൺടൈഡ്) പലിശയുൾപ്പെടെ ബാങ്കിൽ ലഭിച്ച തുക മാത്രമാണ് വാർഷികധനകാര്യപത്രികയിൽ വരവായി ചേർത്തിരിക്കുന്നത്. ട്രഷറി മുഖേന ലഭിച്ച ഗ്രാന്റുകൾ ധനകാര്യപത്രികയിൽ വരവിലെടുത്തിട്ടില്ലാത്തതിനാൽ ഗ്രാന്റ് പത്രികയിലെ തുകയുമായി ആകെ വരവ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

* ധനകാര്യകമ്മീഷൻ ഗ്രാന്റ്-അൺടൈഡ്, സംരക്ഷണ ഗ്രാന്റ്-റോഡിതരം എന്നീയിനങ്ങളുടെ ഗ്രാന്റ് പത്രികയിലെ ആകെ ചെലവാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത തുകകൾ വാർഷികധനകാര്യപത്രികയിലെ ചെലവ് തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

* വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്.

| ഫണ്ട് | ലൈഫ് ലോൺ (₹) | അങ്കണവാടി ഓണറേറിയം (₹) |
|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 40,54,596/- | 10,95,000/- |
| വികസനഫണ്ട് (എസ്.സി.പി.) | 6,38,339/- | 0 |
| വികസനഫണ്ട് (റ്റി.എസ്.പി.) | 99,054/- | 0 |

പ്രസ്തുത തുകകളുടെ ചെലവ് വിവരം സുലേഖയിൽ പ്രതിഫലിക്കുന്നുണ്ടെങ്കിലും അടങ്കലായി ഉൾപ്പെടുത്തിയിട്ടില്ല.

### 1-3-1 ഗ്രാന്റ് വിനിയോഗം - നിശ്ചിതശതമാനം ചെലവഴിച്ചില്ല - 2026-2027 - ൽ ₹1,58,81,582/- ലാപ്സാകും

15.07.2021 – ലെ സ.ഉ.(കൈ)നം.79/2021/ധന. പ്രകാരം 2024-2025 സാമ്പത്തികവർഷം അനുവദിച്ച ഫണ്ടിന്റെ 80 % – ൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം, അനുവദിച്ച തുകയുടെ പരമാവധി 20 % മാത്രമേ അടുത്ത സാമ്പത്തികവർഷം ക്യാരി ഓവർ ചെയ്യാൻ അനുമതിയുള്ളൂ. അതിനാൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഗ്രാമപ്പഞ്ചായത്തിന് നഷ്ടമുണ്ടാകും.

| | അലോട്ട്മെന്റ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ചെലവ് (%) | 2025-2026 – ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | 2026-2027 – ൽ ലാപ്സാകുന്ന തുക (₹) |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ്-റോഡ് | 4,30,07,000/- | 2,13,21,185/- | 2,16,85,815/- | 49.57 | 86,01,400/- | 1,30,84,415/- |
| സംരക്ഷണഗ്രാന്റ്-റോഡിതരം | 1,95,50,000/- | 1,28,87,578/- | 66,62,422/- | 65.92 | 39,10,000/- | 27,52,422/- |
| ആകെ | | | | | | 1,58,36,837/- |

ടി.എസ്.പി. ഫണ്ടിൽ 80 % ചെലവില്ലാത്തതിനാൽ കുറവ് വരുന്ന തുക അടുത്തവർഷം വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് കുറവ് ചെയ്യുന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അലോട്ട്മെന്റ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ചെലവ് (%) | 2025-2026 – ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | 80% ചെലവഴിച്ചിട്ടില്ലാത്തതിനാൽ 2026-2027 വർഷം വികസനഫണ്ടിൽ നിന്ന് കുറവ് ചെയ്യുന്ന തുക (₹) |
|---|---|---|---|---|---|---|
| റ്റി.എസ്.പി. | 3,25,000/- | 2,15,255/- | 1,09,745/- | 66.23 | 65,000/- | 44,745/- |

## 1-4 പദ്ധതി അവലോകനം

പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 07.12.2023 - ൽ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ചേരുകയും ചെയ്തു. തയ്യാറാക്കിയ കരട് പദ്ധതികൾ 09.12.2023, 10.12.2023, 16.12.2023, 17.12.2023, 18.12.2023, 19.12.2023 എന്നീ തീയതികളിൽ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ/ ഊരുകൂട്ടയോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 16.01.2024 – ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു.

വാർഷികപദ്ധതിയ്ക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

അംഗീകാരം നം./തീയതി – നം.677/24/DPC/DPO/IDK/05.03.2025

2024-2025 സാമ്പത്തികവർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതിച്ചെലവ്(₹) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം (%) |
|---|---|---|---|---|---|
| 246 | 21,99,05,943/- | 141 | 6,69,79,257/- | 105 | 57.31 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം (%) |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 36,38,703/- | 30,90,223/- | 84.93 |
| വെറ്ററിനറി സർജൻ | 4 | 3 | 19,20,000/- | 6,01,163/- | 31.31 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 16 | 14 | 44,40,439/- | 40,20,140/- | 90.53 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 3 | 2 | 25,50,000/- | 15,50,000/- | 60.78 |
| ICDS സൂപ്പർവൈസർ | 11 | 11 | 60,00,000/- | 52,45,576/- | 87.43 |
| വി.ഇ.ഒ. | 24 | 15 | 9,48,09,062/- | 72,57,460/- | 7.65 |
| ക്ഷീരവികസന ഓഫീസർ | 1 | 1 | 16,00,000/- | 8,85,570/- | 55.35 |
| സെക്രട്ടറി | 44 | 24 | 97,37,491/- | 96,80,316/- | 99.41 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 126 | 57 | 9,16,99,562/- | 3,24,29,324/- | 35.36 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 6 | 22,50,686/- | 9,91,300/- | 44.04 |
| ഹെഡ്മാസ്റ്റർ | 2 | 2 | 9,30,000/- | 9,28,185/- | 99.80 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 1 | 3,30,000/- | 3,00,000/- | 90.91 |
| ആകെ | 246 | 141 | 21,99,05,943/- | 66,79,257/- | 30.46 |

വിവിധ പദ്ധതികൾക്ക് ആകെ വകയിരുത്തിയിരുന്ന ₹21,99,05,943/- ൽ ₹66,79,257/- മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. വി.ഇ.ഒ., അസിസ്റ്റന്റ് എഞ്ചിനീയർ, വെറ്ററിനറി സർജൻ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി നടപ്പിലാക്കിയ പദ്ധതികളുടെ ചെലവ് കുറവായത് വാർഷികപദ്ധതിച്ചെലവ് കുറയാൻ കാരണമായി.

പദ്ധതിനിർവ്വഹണം ആരംഭിക്കുന്നതു മുതൽ പൂർത്തിയാകുന്നതു വരെ മോണിട്ടർ ചെയ്യുന്നത് പദ്ധതി നടത്തിപ്പിലെ അപാകങ്ങളും പോരായ്മകളും പരിഹരിക്കുന്നതിനും പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനും സഹായിക്കുന്നു. നിർവ്വഹണം പൂർത്തിയാക്കിയ എല്ലാ പദ്ധതികളുടെ ഫയലുകളിലും, പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്നിവ തയ്യാറാക്കി സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

വ്യക്തിഗതഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ, അവർ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ടി ലിസ്റ്റ് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുള്ളതാണെന്നും നിർവഹണോദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ, ഉപകരണങ്ങൾ, തൈകൾ, വിത്തുകൾ, വളർത്തുമൃഗങ്ങൾ/പക്ഷികൾ എന്നിവയെ നൽകുമ്പോൾ കൈപ്പറ്റ് രസീത് അല്ലെങ്കിൽ വിതരണ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി (ഭരണച്ചെലവുകൾ) | 1,286/- | 29,60,686/- | 29,61,972/- | 28,84,723/- | 77,249/- |
| | തൊഴിലാളികളുടെ കൂലി | 0 | 4,40,43,058/- | 4,40,43,058/- | 4,40,43,058/- | 0 |

വാർഷികധനകാര്യപത്രികയിലെ കണക്കിൽ, ഭരണച്ചെലവുകൾ, തൊഴിലാളികളുടെ കൂലി എന്നീയിനങ്ങളുടെ വരവ് ചെലവ് കണക്കുകൾ തെറ്റാണ് എന്ന് കണ്ട് വ്യക്തത തേടിയപ്പോൾ തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടന്റ് ലഭ്യമാക്കിയ വിശദാംശങ്ങൾ പരിശോധിച്ച് കൃത്യത ഉറപ്പാക്കിയതിന് ശേഷമുള്ള കണക്കുകളാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**1-6 ക്ഷേമപെൻഷനുകൾ**

തൻവർഷം വിവിധ ക്ഷേമപെൻഷനുകൾക്ക് ഗ്രാമപ്പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപെൻഷന്റെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 2,95,54,100/- | 1539 |
| കർഷകത്തൊഴിലാളി പെൻഷൻ | 32,76,400/- | 170 |
| വിധവപെൻഷൻ | 1,14,93,100/- | 598 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,81,200/- | 14 |
| വികലാംഗപെൻഷൻ | 40,51,700/- | 211 |

**1-7 ക്യാഷ് പരിശോധന**

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.08.2025 - ന് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

**1-8 ആഭ്യന്തരനിയന്ത്രണം**

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തുനികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പദ്ധതികളുടെ നിർവഹണത്തിലെ പുരോഗതി അവലോകനം ചെയ്യുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന നടത്തി രജിസ്റ്റർ കാലികമാക്കുന്നില്ല. വാങ്ങിയ സാധനസാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടെയും പങ്കാളിത്തത്തോടെ പദ്ധതികളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കുന്ന അപാകങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷികപദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടത്തുന്നില്ല.

പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും, അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബുക്കിൽ മറ്റ് രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതിനിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിട്ടർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

**1-8-1 മുൻകൂർ രജിസ്റ്റർ**

മുൻകൂർ രജിസ്റ്ററിൽ, ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷികകണക്കുകൾ പ്രകാരം നിർവ്വഹണോദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

**1-8-2 സ്റ്റോക്ക് രജിസ്റ്റർ**

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**1-8-3 സ്യൂട്ട് രജിസ്റ്റർ**

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

**1-8-4 ഓഡിറ്റ് റിക്കവറി രജിസ്റ്റർ**

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കുന്നില്ല.

**1-8-5 ഡെപ്പോസിറ്റ് രജിസ്റ്റർ**

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തുന്നില്ല.

## 1-9 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് നാളിതുവരെ ബാങ്കിൽ ക്രഡിറ്റ് ആയില്ല

തനത് ഫണ്ടിന്റെ ഇടപാടുകൾക്കായി ഗ്രാമപ്പഞ്ചായത്ത് പരിപാലിക്കുന്ന വലിയതോവാള സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ക്ലിപ്തം നം.കെ-196 (അക്കൗണ്ട് നം.5) – ന്റെ 31.03.2025 – ലെ റിക്കൺസിലിയേഷൻ പത്രികയുടെ പരിശോധനയിൽ ചെക്ക് ഡിപ്പോസിറ്റ് ചെയ്ത് 7 വർഷം കഴിഞ്ഞിട്ടും പണം ബാങ്കിൽ ലഭിച്ചില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം./തീയതി | വൗച്ചർ നം./തീയതി | തുക (₹) |
|---|---|---|
| 061824/08.01.2018 | 117150400007/02.03.2018 | 7,500/- |

മേൽ പരാമർശിച്ച ചെക്ക്, പണമായി മാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും പണമായി മാറിയിട്ടില്ലെങ്കിൽ സ്വീകരിച്ച തുടർനടപടികളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/തീയതി. 12.08.2025), 2017-2018 സാമ്പത്തികവർഷം രസീത് നം. 117150400007/തീയതി 02.03.2018 പ്രകാരം, 61824/8/1/2018 നം.ഡി.ഡി.പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടുള്ളതും ടി തുക രസീത് ചെയ്ത് വലിയതോവാള സർവീസ് സഹകരണ ബാങ്ക് അക്കൗണ്ട് നം.5 – ൽ കളക്ഷന് അയച്ചിട്ടുള്ളതും മുൻകാലങ്ങളിൽ സേവനം അനുഷ്ഠിച്ചിരുന്നവരോട് വിവരം ആരാഞ്ഞപ്പോൾ ടി തുക ബാങ്കിൽ ക്രഡിറ്റ് ആയിട്ടില്ലെന്നും പല പ്രാവശ്യം അതിനെക്കുറിച്ച് അന്വേഷണം നടത്തിയെങ്കിലും തുക ലഭിച്ചിട്ടില്ലെന്നും ടി തുക ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്. ഡിമാന്റ് ഡ്രാഫ്റ്റ് ആയതിനാൽ ഉടമസ്ഥൻ തുക ഒടുക്കിയിട്ടുള്ളതിനാൽ ബാങ്കിൽ കത്ത് നൽകി തുക ക്രഡിറ്റ് ആക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-10 വസ്തുനികുതി - വാർഷികധനകാര്യപത്രികയിലെയും ഡി.സി.ബി.രജിസ്റ്ററിലെയും കണക്കുകൾ പൊരുത്തപ്പെടുന്നില്ല

2024-2025 വർഷത്തെ വാർഷികധനകാര്യപത്രികയിലെയും സഞ്ചയ സോഫ്റ്റ്‌വെയറിലെയും വസ്തുനികുതി കണക്കുകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം. | വാർഷികധനകാര്യപത്രിക പ്രകാരം (₹) | | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം (₹) | |
|---|---|---|---|---|
| | പാർപ്പിടം | പാർപ്പിടേതിരം | പാർപ്പിടം | പാർപ്പിടേതിരം |
| ഡിമാന്റ് | 16,69,530/- | 14,86,037/- | 16,69,530/- | 14,86,037/- |
| കളക്ഷൻ (തൻവർഷം) | 16,03,490/- | 14,67,427/- | 16,22,978/- | 14,57,708/- |
| അഡ്വാൻസ് കളക്ഷൻ | 825/- | 7/- | - | - |
| ബാലൻസ് | 65,215/- * | 18,603/- ** | 46,552/- *** | 28,329/- **** |

കുറിപ്പ്
വാർഷിക ധനകാര്യ പത്രിക പ്രകാരം, * 69,830/-, ** 19,953/-
സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം, ***42,261/-, **** 26,384/-
2023-2024 വർഷം ഗ്രാമപ്പഞ്ചായത്തിൽ 100% നികിതി പിരിച്ചെടുത്തിരുന്നു. 2024-2025 വർഷം കണക്കുകളിൽ വ്യത്യാസമുള്ളതിനാൽ വാർഷികധനകാര്യപത്രികയിലെ കണക്കിന്റെ ആധികാരികത മനസിലാക്കാൻ സാധിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/തീയതി. 13.08.2025) മറുപടി നൽകിയില്ല. കണക്കുകളിലെ വ്യത്യാസം പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-11 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ ഒഴിഞ്ഞു കിടക്കുന്നു.

ഗ്രാമപ്പഞ്ചായത്തിന്റെ അധീനതയിലുള്ള 18 കെട്ടിടങ്ങളിൽ/കടമുറികളിൽ 5 എണ്ണം ഒഴിഞ്ഞു കിടക്കുന്നു. മുണ്ടിയെരുമ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ ലേലം ചെയ്യുന്നുണ്ടെങ്കിലും ലേലത്തിൽ ആരും പങ്കെടുക്കാത്തതുമൂലമാണ് ഒഴിഞ്ഞു കിടക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| കടമുറി നം. | ഒഴിഞ്ഞു കിടക്കുന്ന കാലയളവ് |
|---|---|

| | |
|---|---|
| 606 | 2024 മെയ് മുതൽ |
| 612 | 2024 ജൂൺ മുതൽ |
| 611, 618, 619 | 2024 ഏപ്രിൽ മുതൽ മാർച്ച് 2025 വരെ |

മാലിന്യസംസ്കരണം സാധ്യമല്ലാത്തതിനാലാണ് കടമുറികൾ ലേലം കൊണ്ടവർ ഒഴിവാകുന്നുവെന്നും കടമുറികളിൽ 2 എണ്ണം പ്രവർത്തനയോഗ്യമല്ല എന്നുമാണ് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിനുള്ള (നം.28/ തീയതി. 14.05.2025) മറുപടി നൽകിയത്.

<u>**വാടകയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ**</u>

2024-2025 വർഷത്തെ വാർഷികധനകാര്യപത്രിക പ്രകാരം, ഗ്രാമപ്പഞ്ചായത്തിന്റെ അധീനതയിലുള്ള മുണ്ടിയെരുമ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിൽ നിന്നും ₹1,18,861/- വാടക ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വാടക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഈടാക്കിയില്ലെങ്കിൽ ആയതിനുള്ള വിശദീകരണവും അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.28/തീയതി. 14.05.2025), 616-ാം നമ്പർ കടമുറിയുടെ കുത്തകക്കാരൻ ഒഴികെ എല്ലാവരും 2024-2025 വർഷത്തെ കുടിശ്ശിക 2025-2026 വർഷം പഞ്ചായത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ടെന്നും 616-ാം നമ്പർ കടമുറി പൂട്ടി ടിയാളിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുവെന്നാണ് മറുപടി നൽകിയത്. ₹69,721/- കുടിശ്ശിക ഈടാക്കിയത് KSMART ഓഡിറ്റർ ലോഗിൻ ഉപയോഗിച്ച് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. ബാലൻസ് തുക ₹49,140/- 616-ാം കടമുറിയുടെ ഉടമയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

<u>**ഓഡിറ്റ് നിർദേശങ്ങൾ**</u>

എ). മാലിന്യസംസ്കകരണം സജ്ജമാക്കി കടമുറികൾ പ്രവർത്തനയോഗ്യമാക്കി പൊതുലേലം നടത്തി കടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി). എല്ലാ വർഷവും കുത്തകക്കാരുമായി പഞ്ചായത്ത് വാടക കരാർ ചമയ്ക്കേണ്ടതാണ്.

സി). കരാർ കാലാവധി കഴിയുമ്പോൾ കരാർ യഥാസമയം പുതുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>**1-12 കെട്ടിടമുറികൾ - ലൈസൻസ് അപേക്ഷയിലെയും സഞ്ചയയിലെയും ഉപയോഗക്രമത്തിൽ വ്യത്യാസം**</u>

ശ്രീമതി ധന്യ മോഹനപ്പണിക്കർ, തൂക്കുപാലം എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ 4-ാം വാർഡിലുള്ള 677, 678 എന്ന വാണിജ്യാവശ്യത്തിനായി 2022 രണ്ടാം അർദ്ധവർഷം മുതൽ ഉപയോഗിച്ചു വന്നിരുന്ന കെട്ടിടങ്ങൾ ടിയാളുടെ അപേക്ഷയെ തുടർന്ന് 09.09.2024 – ൽ പാർപ്പിടാവശ്യം - സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി സഞ്ചയ സോഫ്റ്റ്വെയറിൽ വസ്തുനികുതി പുനർനിർണയിച്ചിട്ടുള്ളതാണ് (ഫയൽ നം. JC2-2638/24/21.08.2024). 2024 ഒന്നാം അർദ്ധവർഷം മുതൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന വസ്തുനികുതി നിരക്കായ ₹7/- ഈടാക്കി വരുന്നുണ്ട്. 2024-2025 വർഷത്തെ ലൈസൻസ് അപേക്ഷകളുടെ പരിശോധനയിൽ, 4-ാം വാർഡിലെ 677, 678 എന്നീ കെട്ടിടങ്ങൾ (ഉടമ ശ്രീ മോഹന പണിക്കർ, ധന്യ ഭവൻ, തൂക്കുപാലം) ശ്രീമതി അതുല്യ ജി, പുതുമന വീട്, ബാലഗ്രാം പി.ഒ., കുമരകം മെട്ട് എന്ന വ്യക്തിക്ക് ടയർ കട, വീൽ അലൈൻമെന്റ് എന്നിവ നടത്തുന്നതിനായി പരസ്പര സമ്മതപ്രകാരം പ്രതിമാസം ₹7,500/- നിരക്കിൽ വാടകയ്ക്ക് നൽകുന്നതിന് വാടക ഉടമ്പടി വച്ചിട്ടുള്ളതാണ്. (നം.3792/04.06.2024). ടി കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിന്റെ നിജസ്ഥിതി അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/12.08.2024) മറുപടി ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു. 4-ാം വാർഡിലുള്ള 677, 678, 679, 680 എന്നീ കെട്ടിടമുറികൾ ശ്രീമതി ധന്യ മോഹനപണിക്കരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയിലുള്ള വാണിജ്യാവശ്യത്തിനുള്ള മുറികൾ ആയിരുന്നു. എന്നാൽ ടി കടമുറികൾ 4 എണ്ണം ഒന്നിച്ച് ചേർത്ത് 89.66 $M^2$ വീതം വിസ്തീർണമുള്ള 2 പാർപ്പിടാവശ്യത്തിനുള്ള മുറികൾ ആക്കി മാറ്റി. ടിയാളുടെ അപേക്ഷ പ്രകാരം 677, 678 എന്നിവ നിലനിർത്തി പാർപ്പിടാവശ്യത്തിനാക്കുകയും 679, 680 എന്നീ നമ്പരുകൾ ഡിമോളിഷ് ചെയ്ത് കളയുകയും ചെയ്തിട്ടുള്ളതാണ്. പരിശോധനയിൽ ടി കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ടയർ കട നടത്തുന്നതായും ടി കടകളുടെ കെട്ടിടനമ്പരുകൾ 673, 674, 675, 676 എന്നിവയും ആണ്. ടിയാളുടെ ഉടമസ്ഥതയിലുള്ള എല്ലാ കെട്ടിടമുറികളും വാണിജ്യമായിരുന്നതിനാലും ടി കെട്ടിടമുറികളിൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും കാലാകാലങ്ങളിൽ അപേക്ഷകൻ നൽകിയ വാടക ചീട്ടിന്റെ അടിസ്ഥാനത്തിൽ ആണ് ലൈസൻസ് നൽകി വരുന്നത്. 677, 678 എന്നീ കടമുറികളുടെ ഒക്കുപ്പൻസി മാറ്റുന്നതിന് മുമ്പ് തന്നെ ലൈസൻസ് നൽകിയിട്ടുള്ളതാണ്. വാടക ചീട്ടിൽ എഴുതിയ കെട്ടിടനമ്പരിൽ ഉണ്ടായ വ്യത്യാസം മൂലമാണ് ലൈസൻസിന്റെ നമ്പരിലും തെറ്റ് സംഭവിച്ചത്. ടി തെറ്റുകൾ തുടർന്ന് സംഭവിക്കാതിരിക്കാൻ വിവരം കെട്ടിടഉടമയേയും ലൈസൻസ് ഉടമയേയും അറിയിക്കുന്നതാണ് എന്ന മറുപടി അംഗീകരിക്കുന്നു. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>**1-13 വസ്തുനികുതി പരിഷ്കരണം - 2023-2024 - തുടർനടപടികൾ സ്വീകരിക്കുന്നില്ല**</u>

22.03.2023 – ലെ സ.ഉ.(കൈ)നം.77/2023/ത.സ്വ.ഭ.വ. പ്രകാരം, ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം 2023-2024 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് ബാധകമാക്കേണ്ട നികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരം തിരിവ്പുതുക്കലും വിജ്ഞാപനം ചെയ്ത് അന്തിമമാക്കണം എന്ന് നിർദേശിച്ചിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്തിൽ 26.06.2023 - ലെ 5/2 -ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം 2023 ഏപ്രിൽ 1 പ്രാബല്യത്തിൽ വസ്തുനികുതി നിരക്കുകൾ പുതുക്കി അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് (ഫയൽ നം.എസ്.സി2-2089/2023/തീയതി.21.07.2023). വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഗ്രാമപ്പഞ്ചായത്തിലെ

എല്ലാ കെട്ടിടങ്ങളും ഫീൽഡ് പരിശോധന നടത്തുന്നതിനും വിവരശേഖരണത്തിനുമായി ക്ഷമതയുള്ള ഉദ്യോഗസ്ഥരെ തെരഞ്ഞെടുത്തുവെങ്കിലും മലയോരമേഖലയായതിനാൽ ഇവർക്ക് വളരെയേറെ യാത്രാചെലവ് വരുന്നതിനാൽ സർക്കാർ ഉത്തരവനുസരിച്ചുള്ള ₹30/- പര്യാപ്തമല്ല എന്ന കാരണത്താൽ ഇവർ ജോലി ഉപേക്ഷിച്ചു പോയതായി തദ്ദേശസ്വയംഭരണ ജോയിന്റ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. വസ്തുനികുതിയുടെ പരിഷ്കരണം സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികൾ അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/തീയതി. 11.08.2025), ഗ്രാമപ്പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഗ്രാമപ്പഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധനയ്ക്കും വിവരശേഖരണത്തിനുമായി പലതവണ ഉദ്യോഗസ്ഥരെ നിയമിക്കുകയും ഏതാനുംപേർ വിവരശേഖരണത്തിനു പോകുകയും അവർ പാതിവഴിയിൽ നിർത്തിപോയിട്ടുള്ളതാണെന്നും ഗവ.ഉത്തരവ് പ്രകാരം ടിയാളുകൾക്ക് അനുവദിച്ചിട്ടുള്ള തുക ടി ജോലിക്ക് പര്യാപതമല്ലാത്തതാണെന്നും ആയതിനാൽ കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥരെ ലഭ്യമാകുന്നില്ലെന്നും നിലവിലെ മാനുഷിക വിഭവശേഷി അനുസരിച്ച് ചെയ്ത് തീർക്കാൻ സാധിക്കാത്ത തരത്തിലുള്ള അധികജോലികൾ ആണ് പഞ്ചായത്തുകളിൽ നിലവിൽ ഉള്ളതെന്നും മറുപടി നൽകി. കൂടാതെ ബഹു. സർക്കാർ വിഭാവനം ചെയ്യുന്ന വിവിധപദ്ധതികളിൽ ഏറിയ പങ്കും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലൂടെ ആണ് നടപ്പിലാക്കുന്നതെന്നും നിലവിലുള്ള ജീവനക്കാർക്ക് ടി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തുന്നതിനും വിവരങ്ങൾ എൻട്രി നടത്തുന്നതിനും പരിമിതികൾ ഉണ്ടെന്നും ആയതിനാൽ പുതുക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് കെ-സ്മാർട്ടിലൂടെ എൻട്രി വരുത്തുന്നതിന് ഓരോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും പദ്ധതി വച്ച് ടെണ്ടർ വിളിച്ച് ഏതെങ്കിലും ഏജൻസികളെ ഏല്പിക്കുന്നതിന് സർക്കാർ തീരുമാനം എടുത്താൽ അത് ഉചിതമാണ് എന്ന് കരുതുന്നു. അതുമൂലം കെട്ടിടങ്ങളുടെ നികുതി കൃത്യമായി നിർണയിക്കുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കും. പല കെട്ടിടങ്ങളും പഞ്ചായത്തിന്റെ അനുമതി കൂടാതെ കാലാകാലങ്ങളിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തുന്നതുമൂലം പഞ്ചായത്തിന്റെ തനത് വരുമാനം നഷ്ടപ്പെടുന്നതാകയാൽ പോസ്റ്റ് ഓഡിറ്റ് വളരെയേറെ പ്രാധാന്യം അർഹിക്കുന്നു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പരിമിതികൾ ഉള്ളതിനാൽ വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കുന്നതിന് സർക്കാർതലത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-14 സർക്കാർ സാധൂകരണം ലഭ്യമാക്കാതെ യാത്രാബത്ത അനുവദിച്ചു - ₹6,650/- തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| വൗച്ചർ നം./തീയതി | 22400506/15.10.2024 |
| ഫയൽ നം. | 400544/GAEE28/GENERAL/2024/3213 |
| ബിൽ നം./തുക (₹) | 3213/15.10.2024/14,350/- |

യാത്രാബത്ത അർഹമായ തീയതി മുതൽ അതായത്, യാത്ര നടത്തിയ മാസത്തിന്റെ തൊട്ടടുത്ത മാസം ഒന്നാം തീയതി മുതൽ (കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 53(ബി)(6)) ഒരു വർഷത്തിനകം അവകാശപ്പെട്ടിരിക്കണം (കെ.എസ്.ആർ.വാല്യം 1 ഭാഗം 2, ചട്ടം 5 എ). അർഹമായ തീയതി മുതൽ 2 വർഷത്തിനകം തുക മാറിയിരിക്കണം. രണ്ട് വർഷത്തിനു ശേഷം സർക്കാരിന്റെ പ്രത്യേക അനുമതിയുണ്ടെങ്കിലേ തുക മാറാനാകൂ (കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56 ബി(2)).

പഞ്ചായത്തിലെ പ്രോജക്ട് അസിസ്റ്റന്റ് ശ്രീമതി അശ്വതി വേണുഗോപാലിന് 2022 മാർച്ച് മുതൽ 2024 ഓഗസ്റ്റ് മാസം വരെ നടത്തിയ ഔദ്യോഗികയാത്രകൾക്ക് യാത്രബത്തയിനത്തിൽ ₹14,350/- മേൽ സൂചിപ്പിച്ചിട്ടുള്ള വൗച്ചർ പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട് (ചെക്ക് നം.7287/08.10.2024).

2022 മാർച്ച് മാസം മുതൽ 2022 സെപ്റ്റംബർ മാസം വരെ നടത്തിയ യാത്രകൾക്ക് അനുവദനീയമായ യാത്രബത്ത 2024 ഒക്ടോബർ മാസം മാറി നൽകിയത് കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56 ബി(2) – ന് വിരുദ്ധമായ നടപടിയാണ്. 2022 മാർച്ച് മാസം മുതൽ 2022 സെപ്റ്റംബർ മാസം വരെ നടത്തിയ യാത്രകൾക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കിയിട്ടില്ലെന്ന് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.29/14.08.2025 ) മറുപടി നൽകി. രണ്ട് വർഷങ്ങൾക്ക് മുമ്പുള്ള ക്ലെയിമുകൾ സർക്കാരിന്റെ പ്രത്യേക അനുമതി ലഭിച്ച ശേഷമേ അനുവദിക്കാവൂ. സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതുവരെ 2022 മാർച്ച് മാസം മുതൽ 2022 സെപ്റ്റംബർ മാസം വരെ നടത്തിയ യാത്രകൾക്ക് യാത്രബത്തയിനത്തിൽ അനുവദിച്ച ₹6,650/- തടസ്സത്തിൽ വെയ്ക്കുന്നു. സർക്കാർ സാധൂകരണം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

**1-15 സർക്കാർ നിർദ്ദേശത്തിലും അധികം തുക കുടിവെള്ളവിതരണത്തിന് ചെലവഴിച്ചു - ₹54,560/- തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| വൗച്ചർ നം./തീയതി | 22400362/31.08.2024 |
| ഫയൽ നം. | 400544/WSDW02/General/2024/2749 |
| ബിൽ നം./തുക (₹) | 2749/31.08.2024/54,560/- |

19.02.2024 – ലെ സ.ഉ.(സാധാ)നം.405/2024/ത.സ്വ.ഭ.വ.- ഉത്തരവ് പ്രകാരം, കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി തനത്/പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ഗ്രാമപ്പഞ്ചായത്തുകൾക്ക് 01.04.2024 മുതൽ 31.05.2024 വരെ ₹12 ലക്ഷം – ൽ കൂടാതെ ചെലവഴിക്കുന്നതിനാണ് അനുമതി.

പാമ്പാടുംപാറ ഗ്രാമപ്പഞ്ചായത്തിൽ അതീവകുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിൽ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ടെണ്ടർ അടിസ്ഥാനത്തിൽ കുടിവെള്ളം വിതരണം ചെയ്തിരുന്നു. ഏപ്രിൽ, മെയ് മാസങ്ങളിൽ മേൽ സർക്കാർ ഉത്തരവ് പ്രകാരം ₹12 ലക്ഷം ചെലവഴിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്. എന്നാൽ പാമ്പാടുംപാറ ഗ്രാമപ്പഞ്ചായത്തിൽ അതീവ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന ധാരാളം കുടുംബങ്ങളുള്ളതിനാലും ഈ വർഷത്തിൽ കടുത്ത വരൾച്ച

അനുഭവപ്പെട്ടതിനാലും ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തതിന് കരാറുകാർ ₹12,54,560/- – യുടെ ട്രിപ്പ് ഷീറ്റുകളും അനുബന്ധരേഖകളും ഹാജരാക്കിയിട്ടുള്ളതും ജി.പി.എസ്. രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ₹12,00,000/- കരാറുകാർക്ക് നൽകിയിട്ടുണ്ട്. ബാക്കി തുകയായ ₹54,560/- ചെലവഴിക്കുന്നതിനുള്ള അനുമതിയ്ക്കായി ബന്ധപ്പെട്ട അധികാരികളോട് അഭ്യർത്ഥിക്കാൻ 11.07.2024 - ലെ ഭരണസമിതി തീരുമാനം നം.3(4) – ൽ കൈക്കൊണ്ടിട്ടുള്ളതാണ്. കരാറുകാർ നിരന്തരം തുക ആവശ്യപ്പെടുന്നതിനാലും ഇവർക്ക് തുക അത്യന്താപേക്ഷിതമാണെന്ന് കമ്മിറ്റി വിലയിരുത്തിയതിന്റെയും അടിസ്ഥാനത്തിൽ സാധൂകരണത്തിനായി ബഹു.ജില്ലാ കളക്ടർ, ബഹു.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ₹54,560/- (₹27,280/- വീതം രണ്ട് കരാറുകാർക്ക്) അനുവദിച്ച് നല്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി 12.08.2024 – ലെ ഭരണസമിതിയോഗത്തിൽ 1(3) - നമ്പർ പ്രകാരം തീരുമാനം കൈക്കൊണ്ടിട്ടുള്ളതും മേൽ പട്ടിക പ്രകാരം കരാറുകാർക്ക് തുക മാറി നൽകിയിട്ടുള്ളതുമാണ്. അധികതുക അനുവദിച്ചതിന് സാധൂകരണം ലഭ്യമായതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.31/തീയതി. 14.08.2025) അധികം തുക ലഭിക്കുന്നതിന് വേണ്ടി കരാറുകാർ നിരന്തരം കടുത്ത സമ്മർദ്ദം ചെലുത്തിയതിനെത്തുടർന്ന് ഗ്രാമപ്പഞ്ചായത്തിന്റെ തീരുമാനത്തിന് വിധേയമായി സാധൂകരണത്തിന് ബഹു.ജോയിന്റ് ഡയറക്ടർ മുഖേന സർക്കാരിന് കത്ത് നൽകിയതിനുശേഷം തുക കൈമാറിയെന്നും എന്നാൽ നാളിതുവരെ ബഹു.സർക്കാരിന്റെ സാധൂകരണം ലഭിച്ചിട്ടില്ലെന്നും ആണ് മറുപടി നൽകിയത്. തുക കൈമാറിയത് ക്രമപ്രകാരമല്ലാത്തതിനാൽ സാധൂകരണം ലഭ്യമാകുന്നതുവരെ ₹54,560/- – യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സാധൂകരണം ലഭ്യമാകുന്ന മുറയ്ക്ക് തുക ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-16 പ്രവർത്തനരഹിതമായ സ്ട്രീറ്റ് ടാപ്പുകൾക്ക് വൻതുക ഡിമാന്റ് ചെയ്യുന്നു**

കേരള ജലഅതോറിറ്റിയുമായി ചേർന്ന് പഞ്ചായത്ത് 31.05.2023 - ൽ സ്ട്രീറ്റ് ടാപ്പുകളുടെ സംയുക്തപരിശോധന നടത്തി സ്ട്രീറ്റ് ടാപ്പുകളൊന്നും പ്രവർത്തനക്ഷമമല്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കണക്ഷൻ ഒഴിവാക്കുന്നതിനും തുടർന്ന് ടാപ്പുകളുടെ ബില്ല് ഡിമാന്റ് ചെയ്യേണ്ടതില്ലെന്ന് ജലഅതോറിറ്റിയെ അറിയിക്കുന്നതിനും 26.06.2023 – ലെ 7(1) നം. തീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തി. ടി വിവരം 26.06.2023 – ലെ SC1-2266/2023 – നം. കത്ത് പ്രകാരം നെടുങ്കണ്ടം പി.എച്ച്.സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്കും പകർപ്പ് കേരള ജലഅതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ തൊടുപുഴയ്ക്കും അയച്ചു കൊടുത്തിരുന്നു. എന്നാൽ നിലവിലും ജലഅതോറിറ്റി ലക്ഷങ്ങളുടെ ഡിമാന്റ് നോട്ടീസ് പഞ്ചായത്തിന് അയച്ചുകൊണ്ടിരിക്കുകയാണ്. 2025 ഫെബ്രുവരിയിലെ ഡിമാന്റ് നോട്ടീസ് പ്രകാരം ₹1,46,358/- ഡിമാന്റ് ചെയ്തിട്ടുണ്ട്. (Closing Balance As On 31.12.2024 – ₹13,542/-, Fine ₹2,816/-). ജലഅതോറിറ്റിയിൽ നിന്നും ഡിമാന്റ് നോട്ടീസ് ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.32/തീയതി. 14.08.2025), ചുവടെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പാമ്പാടുംപാറ ഗ്രാമപ്പഞ്ചായത്തിൽ പൊതുടാപ്പുകൾ ഇല്ലെന്ന് കേരള ജലഅതോറിറ്റിയും പഞ്ചായത്തും നടത്തിയ സംയുക്തപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്നും എന്നാൽ തുടർന്നും ഇല്ലാത്ത ടാപ്പുകൾക്ക് നൽകിക്കൊണ്ടിരിക്കുന്ന ബിൽ ഒഴിവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും പ്രസിഡന്റ് നേരിട്ട് ഇക്കാര്യം ആവശ്യപ്പെട്ടിട്ടുള്ളതുമാണെന്നും തുടർന്നും ബിൽ നൽകിക്കൊണ്ടിരിക്കുകയാണെന്നുമാണ് മറുപടി നൽകിയത്. ജല അതോറിറ്റിയുമായി ചർച്ച നടത്തി പ്രവർത്തനരഹിതമായ ടാപ്പിന് വെള്ളക്കരം ഒഴിവാക്കുന്നതിന് നടപടി കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

**1-17 ബാലഗ്രാം ടർഫ് - പ്രവർത്തനസജ്ജമാക്കുന്നില്ല**

ജില്ലാപ്പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ബാലഗ്രാം ടർഫ് ഉപയോഗിക്കുന്നതിനുള്ള നിരക്ക് 04.03.2025 – ലെ 9/1 – നമ്പർ ഭരണസമിതിയുടെ തീരുമാനംപ്രകാരം നിശ്ചയിച്ചിട്ടുള്ളതും ജില്ലാപ്പഞ്ചായത്തിനെ അറിയിക്കുന്നതിനും എഗ്രിമെന്റിൽ ഏർപ്പെടുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബാലഗ്രാം ടർഫ് ഉപയോഗിക്കുന്നതിന്റെ നിരക്ക് ചുവടെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

17 വയസിന് താഴെ/മണിക്കൂറിന് ₹50/-

17 വയസിന് മുകളിൽ/മണിക്കൂറിന് ₹100/-

ടീം 17 വയസിന് താഴെ/മണിക്കൂറിന് ₹300/-

ടീം 17 വയസിന് മുകളിൽ/മണിക്കൂറിന് ₹600/-

മാസ വാടക – 17 വയസിന് താഴെയുള്ളവർക്ക് ₹2,000/- യും, 17 വയസിന് മുകളിലുള്ളവർക്ക് - ₹5,000/- യും

ചുവടെ ചേർത്തിരിക്കുന്ന നിരീക്ഷണങ്ങൾക്ക് വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 9/ തീയതി. 14.08.2025) നൽകിയിരുന്നു.

ജില്ലാപ്പഞ്ചായത്ത് ടർഫ് ഗ്രാമപ്പഞ്ചായത്തിന് വിട്ടു നൽകിയിട്ടുണ്ടോ, ജില്ലാ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിരുന്നോ, ബാലഗ്രാം ടർഫിന്റെ നടത്തിപ്പിനായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്, നടത്തിപ്പിന്റെ ചുമതല ഏൽപിച്ചവരുമായി ഗ്രാമപ്പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിരുന്നോ, 2005 - ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിയലും) നിയമത്തിലെയും ചട്ടങ്ങൾക്കും ഗ്രാമപ്പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനങ്ങൾക്കും വിധേയമായാണോ ഏൽപിച്ചിരിക്കുന്നത് തുടങ്ങിയ വിശദാംശങ്ങൾ അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.09/തീയതി. 12.08.2025), ജില്ലാപ്പഞ്ചായത്ത് ഫണ്ടുപയോഗിച്ച് നിർമ്മിച്ച ടർഫ് ഉപയോഗിക്കുന്നതിനുള്ള നിരക്ക് ജില്ലാ പഞ്ചായത്തിനെ അറിയിച്ചിട്ടുള്ളതും എഗ്രിമെന്റിൽ ഏർപ്പെടുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയത് അനുസരിച്ച് ജില്ലാപ്പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ടെന്നും എഗ്രിമെന്റിന്റെ മാതൃക അയച്ചുതരുന്നതിന് കത്ത് അയച്ചിട്ട് നാളിതുവരെ ജില്ലാപ്പഞ്ചായത്തിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലെന്നും ടർഫിന്റെ ചുമതല ജില്ലാപ്പഞ്ചായത്ത് ഭാഗികമായി വിട്ടുനൽകിയിട്ടുണ്ടെന്നുമാണ് മറുപടി നൽകിയത്. പഞ്ചായത്ത് ടർഫിന്റെ നടത്തിപ്പ് ചുമതല നിലവിൽ ആരെയും

ഏല്പിച്ചിട്ടില്ലാത്തതിനാൽ ടർഫിന്റെ നടത്തിപ്പും പരിപാലനവും സംബന്ധിച്ച് ജില്ലാപ്പഞ്ചായത്തുമായി കരാറിലേർപ്പെട്ട് ഈ സംരംഭം വിജയത്തിലെത്തിക്കാൻ അടിയന്തിരമായി നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-18 K-SMART ആപ്ലിക്കേഷൻ - പ്രായോഗികബുദ്ധിമുട്ടുകൾ

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കായി ഐ.കെ.എം. (ഇൻഫർമേഷൻ കേരള മിഷൻ) തയ്യാറാക്കിയിട്ടുള്ള കെ-സ്മാർട്ട് (Kerala Solutions For Managing Administrative Reformation And Transformation) ആപ്ലിക്കേഷൻ 01.04.2025 മുതൽ നടപ്പിലാക്കിയ സാഹചര്യത്തിൽ ഉദ്യോഗസ്ഥർ, ജീവനക്കാർ, നിർവഹണോദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവർ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ചുവടെ ചേർക്കുന്നു.

എ). റിക്കൺസിലിയേഷൻ മോഡ്യൂൾ ഓപ്പൺ ചെയ്ത് നൽകിയിട്ടില്ലാത്തതിനാൽ 2025 ഏപ്രിൽ മാസം മുതലുള്ള റിക്കൺസിലിയേഷൻ നടത്താൻ കഴിഞ്ഞിട്ടില്ല.

ബി). പ്ലാൻ പേയ്മെന്റ് ഫയലുകളിൽ നിലവിൽ സമർപ്പിച്ചിരിക്കുന്ന പേയ്മെന്റ് നടപടികൾ പൂർത്തിയായാൽ മാത്രമേ പുതിയ പേയ്മെന്റ് നടത്താൻ കഴിയുകയുള്ളൂ. ഒരു പദ്ധതിക്ക് ഒരു ഫയൽ എന്നതാണ് ഇതിനു കാരണം.

സി). ഫിനാൻസുമായി ബന്ധപ്പെട്ട പല റിപ്പോർട്ടുകളും കൃത്യതയോടെ ലഭിക്കുന്നില്ല. പല ട്രാൻസാക്ഷനുകളും സെക്രട്ടറി അപ്രൂവ് ചെയ്യുമ്പോൾ തന്നെ ബന്ധപ്പെട്ട റിപ്പോർട്ടുകളിൽ പ്രതിഫലിക്കുന്നില്ല. ഉദാ.- ബാങ്ക് ബുക്ക്

ഡി). കെ-സ്മാർട്ട് കൈകാര്യം ചെയ്യുന്നതിന് ജീവനക്കാർക്ക് ആവശ്യമായ പരിശീലനം ലഭിക്കുന്നില്ല. ഒദ്യോഗികമായി ജീവനക്കാർക്ക് സംശയനിവാരണത്തിന് സംവിധാനമില്ല. യൂട്യൂബ് വിഡിയോ തയ്യാറാക്കുന്നവരെ ആശ്രയിക്കേണ്ട അവസ്ഥയാണ് നിലവിൽ ഉള്ളത്.

ഇ). ഇ-പോസ് മെഷീൻ ഉപയോഗിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദേശം ലഭിച്ചിട്ടില്ല. നിർവഹണോദ്യോഗസ്ഥർ, ഗുണഭോക്തൃവിഹിതം ഇ-പോസ് മെഷിൻ മുഖേന സ്വീകരിക്കുന്നതിന് പരിശീലനത്തിന്റെ അഭാവം തടസമാകും.

എഫ്). ബ്ലോക്ക് ടി.എ. മാർ, എ.ഐ.റ്റി.മാർ എന്നിവർക്ക് പരിശീലനം ലഭിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ജീവനക്കാരെ സഹായിക്കാൻ കഴിയുന്നില്ല

ജി). പഴയ പ്യൂരിഫിക്കേഷൻ സഞ്ചയയിൽ എന്റർ ചെയ്യുന്നതിന് അനുമതി ലഭിച്ചിട്ടില്ല. മാർച്ച് 31 ന് മൈഗ്രേറ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടത് മാർച്ച് 31 ലെ തിരക്ക് കാരണം കഴിഞ്ഞില്ല. അത് കെ- സ്മാർട്ടിലേക്ക് മാറ്റാൻ കഴിഞ്ഞിട്ടില്ല.

എച്ച്). ശരിയായ രീതിയിൽ ഡി.സി.ബി. എടുക്കാൻ കഴിയുന്നില്ല.

ഐ). ILGMS ലോഗിൻ ഉപയോഗിച്ച് ജീവനക്കാർക്ക് ഫയലുകൾ ഓപ്പൺ ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിലെ ഫയൽ ഫ്ലോ സംവിധാനത്തിൽ, ജീവനക്കാർ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകളാണ് മേൽ വിവരിച്ചിട്ടുള്ളത്. ഐ.കെ.എം. വഴി K-SMART സംവിധാനം ജീവനക്കാർക്ക് മാത്രമല്ല, ഏതൊരു പൗരനും വാതിൽപ്പടി സേവനത്തിനും നിർവഹണോദ്യോഗസ്ഥർക്ക് സുതാര്യമായ പദ്ധതി നടത്തിപ്പിനുതകും വിധത്തിൽ വിഭാവനം ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

## 1-19 അങ്കണവാടി - അനുപൂരകപോഷകാഹാരം - നികുതി ഈടാക്കിയില്ല.

ഒരു വിതരണത്തിന്റെ ആകെ മൂല്യം ₹2.50 ലക്ഷം – ൽ കൂടുകയാണെങ്കിൽ 2% നികുതി ഈടാക്കേണ്ടതാണെന്ന് 2017 -ലെ ജി.എസ്.റ്റി. നിയമം, വകുപ്പ് 51(1) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ അങ്കണവാടി പോഷകാഹാരം (36/25, പൊതുവിഭാഗം, 37/25, എസ്.സി.) എന്നീ പദ്ധതികളിൽ ഇത്തരത്തിൽ നികുതി ഈടാക്കിയിട്ടില്ല. റെഗുലർ വ്യവസ്ഥയിൽ നികുതി അടവാക്കുന്ന സന്യാസിയോട സമൃദ്ധി ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും കിലോഗ്രാമിന് ₹70/- നിരക്കിൽ താഴെ പരാമർശിക്കും പ്രകാരം ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്.

| ബിൽ നമ്പർ/തീയതി/തുക (₹) | സമൃദ്ധി ന്യൂട്രിമിക്സിന്റെ ബിൽ നം. & തീയതി | സമൃദ്ധി ന്യൂട്രിമിക്സ് തൂക്കം (കി.ഗ്രാം.) | നൽകേണ്ട തുക (₹) (@70/-) |
|---|---|---|---|
| 24100452008500489984/01.08.2024/4,09,736/- | 80/03.04.2024 | 936.00 | 65,520/- |
| | 89/13.05.2024 | 1060.50 | 74,235/- |
| | 93/11.05.2024 | 903.00 | 63,210/- |
| 24100452008501150272/08.01.2025/3,63,534/- | 47/22.06.2024 | 1044.00 | 73,080/- |
| | 134/ 20.12.2024 | 1053.00 | 73,710/- |
| 756074/09.10.2024/4,59,232/- | 100/09.07.2024 | 1032.50 | 72,275/- |
| | 103/ 19.08.2024 | 906.00 | 63,420/- |
| | 107/13.09.2024 | 1095.50 | 76,685/- |
| 24100452008501463489/07.03.2025/4,50,911/- | 149/15.01.2025 | 1193.50 | 83,545/- |
| | 150/24.02.2025 | 956.00 | 66,920/- |
| | 155/05.03.2025 | 1095.50 | 76,685/- |
| ആകെ | 11275.50 | | 7,89,285/- |

| | |
|---|---|
| ആകെ വാങ്ങിയ ന്യൂട്രിമിക്സിന്റെ വില (₹11,275.50 X₹70/-) | 7,89,285/- |
| ഈടാക്കേണ്ട നികുതി @ 2 % (₹7,89,285/- X0.02) (₹) | 15,786/- |

സമൃദ്ധി ന്യൂട്രിമിക്സിന്റെ പക്കൽ നിന്നും നികുതിയിനത്തിൽ ₹15,786/- ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/തീയതി. 12.08.2025) മറുപടി നൽകിയില്ല. നികുതി ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതും ഈടാക്കിയ വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-20 ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് കെ.എസ്.ഇ.ബി.-യ്ക്ക് തുക നൽകൽ - അനിവാര്യചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തി നടപ്പാക്കി**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 287/25, ആദിയാർപുരം റ്റി.വി.സെന്ററിന്റെ മുമ്പിലുള്ള പോസ്റ്റ് മാറ്റുന്നതിന് കെ.എസ്.ഇ.ബി.- യ്ക്ക് തുക നൽകൽ |
| അടങ്കൽ (₹) | 30,655/- (വികസനഫണ്ട് – പൊതുവിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് (₹) | 30,655/- |
| ബിൽ നം./തീയതി | 2410045201230157073З/18.03.2025 |

സ്വകാര്യവ്യക്തിയുടെ പരാതിയിൽ അടിസ്ഥാനത്തിൽ സൂചിത പദ്ധതി നടപ്പാക്കാൻ ഗ്രാമപ്പഞ്ചായത്ത് കമ്മറ്റി 19.10.2024 –ലെ 5(1) തീരുമാനം പ്രകാരം ചുമതലപ്പെടുത്തിയപ്പോൾ, എസ്റ്റിമേറ്റ് ലഭ്യമാക്കി പോസ്റ്റ് മാറ്റുന്നതിനായി സെക്രട്ടറി മേൽ ബിൽ പ്രകാരം ₹30,655/- കെ.എസ്.ഇ.ബി.-യിൽ അടവാക്കിയിട്ടുണ്ട്. പദ്ധതി ഇതുവരെ നടപ്പാക്കിയോയെന്ന് ഫയലിൽ നിന്ന് വ്യക്തമല്ല.

ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിയുടെ അനിവാര്യചുമതലയിൽ ഉൾപ്പെട്ട പ്രവൃത്തിയല്ലിത്. അനുവാദത്തോടെ മാത്രം ഗ്രാമപ്പഞ്ചായത്ത് റോഡുകളിൽ കെ.എസ്.ഇ.ബി. പോസ്റ്റുകൾ സ്ഥാപിക്കുന്നു എന്നതിനാൽ അത്തരം റോഡുകൾ വീതി കൂട്ടുന്ന അവസരത്തിൽ പോലും പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി. യോട് നിർദ്ദേശിക്കുകയല്ലാതെ അതിന് വേണ്ടി തുക ചെലവഴിക്കാൻ ഗ്രാമപ്പഞ്ചായത്തിന് ബാദ്ധ്യതയില്ലാത്തതാണ്. പരാതി ലഭിക്കുന്ന അവസരത്തിൽ പൊതുജനതാൽപര്യാർത്ഥം, പോസ്റ്റ് മാറ്റുന്നതിന് കെ.എസ്.ഇ.ബി.-യ്ക്ക് കത്ത് നൽകുകയും കെ.എസ്.ഇ.ബി.- യോട് പോസ്റ്റ് മാറ്റി സ്ഥാപിക്കാൻ നിർദ്ദേശിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാനായ ബഹു.ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുന്നതുൾപ്പെടെയുള്ള നിയമപരമായ പരിഹാരമാർഗ്ഗങ്ങൾ തേടുകയായിരുന്നു ആദ്യം ചെയ്യേണ്ടിയിരുന്നത്. ഇക്കാര്യങ്ങൾ വിശദീകരിച്ച് പോസ്റ്റ് മാറ്റുന്നതിന് വേണ്ടി തുക ചെലവഴിക്കാൻ ഗ്രാമപ്പഞ്ചായത്തിന് അനുവാദം ലഭിച്ചിട്ടുള്ളതല്ലെന്ന് സെക്രട്ടറി ഭരണസമിതിയെ ബോദ്ധ്യപ്പെടുത്തേണ്ടതായിരുന്നു. അല്ലെങ്കിൽ, മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ടി പ്രവൃത്തിയുടെ നടത്തിപ്പിന് മുൻകൂർ അനുവാദം ലഭ്യമാക്കേണ്ടതായിരുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/തീയതി. 11.08.2025), പദ്ധതി പൂർത്തിയാക്കിയിട്ടുള്ളതാണെന്നും പ്രസ്തുത പോസ്റ്റിന് സ്റ്റേകമ്പി ഇല്ലാത്തതിനാൽ ശക്തമായ കാറ്റും മഴയും ഉണ്ടാകുന്ന സമയത്ത് പോസ്റ്റ് മറിഞ്ഞ് അപകടം ഉണ്ടാകാൻ സാദ്ധ്യതയുള്ളതിനാലാണ് അടിയന്തര പ്രാധാന്യത്തോടെ നടപടി സ്വീകരിച്ചതെന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്. പിന്നീട് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നതിന് മുമ്പ് നിയമപരമായ എല്ലാ മാർഗ്ഗങ്ങളും സ്വീകരിച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.

**1-21 തെരുവ് വിളക്ക് സ്ഥാപിച്ചതിന്റെ കൃത്യമായ വിശദാംശങ്ങൾ ലഭ്യമല്ല - ₹7,00,000/- തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 219/25, തെരുവ് വിളക്ക് സ്ഥാപിക്കൽ |
| അടങ്കൽ (₹) | 7,00,000/- (വികസനഫണ്ട് – പൊതുവിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് (₹) | 7,00,000/- |
| ബിൽ നം./തീയതി | 2410045201230046884б/27.07.2025 |

ഗ്രാമപ്പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ എൽ.ഇ.ഡി. വഴിവിളക്കുകൾ സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്ത പദ്ധതിയിൽ, 2 വർഷ വാറണ്ടിയോടെ 24W എൽ.ഇ.ഡി. വഴിവിളക്ക് വിതരണത്തിനും സ്ഥാപിക്കലിനുമായി ഒന്നിന് ₹2,992/- നിരക്കിൽ ആകെ 234 എണ്ണം സ്ഥാപിക്കുന്നതിനായി മേൽ സൂചിത ബിൽ പ്രകാരം ₹7,00,000/- യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ ഫയലിൽ, മേൽ കമ്പനിയുടെ ടാക്സ് ഇൻവോയ്സും ഗ്രാമപ്പഞ്ചായത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റുകളിൽ എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നുള്ള കമ്പനിയുടെ സാക്ഷ്യപത്രവും മാത്രമാണുള്ളത്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ 7 വാർഡ് മെമ്പർമാർ 17 വീതവും 2 മെമ്പർമാർ 16 വീതവും 6 മെമ്പർമാർ 12 വീതവും ഒരു മെമ്പർ 11 എൽ.ഇ.ഡി. വഴിവിളക്കുകൾ കൈപ്പറ്റിയിട്ടുണ്ട്.

യുണൈറ്റഡ് ഇൻഡസ്ട്രീസ് കമ്പനിയുടെ പ്രഫോമ ഇൻവോയിസിൽ, വഴിവിളക്ക് വിതരണത്തിനും സ്ഥാപിക്കലിനുമായിട്ടുള്ള തുകയാണ് ക്വോട്ട് ചെയ്തിരിക്കുന്നത് എന്നതിനാൽ, വഴിവിളക്ക് സ്ഥാപിച്ച പ്രദേശം, സ്ഥാപിച്ച പോസ്റ്റ് തുടങ്ങി സ്ഥാപിക്കലിന്റെ കൃത്യമായ വിശദാംശങ്ങൾ ലഭ്യമാക്കാൻ കമ്പനിയ്ക്ക് ബാദ്ധ്യതയുണ്ട്. പ്രസ്തുത വിശദാംശങ്ങളുടെ നിജസ്ഥിതി പരിശോധിച്ച് മെമ്പർക്ക്/മോണിട്ടറിംഗ് സമിതിയ്ക്ക് ഉറപ്പുവരുത്താവുന്നതാണ്. സ്ഥാപിച്ചതിന്റെ കൃത്യമായ വിശദാംശങ്ങൾ ഗ്രാമപ്പഞ്ചായത്തിന് ലഭ്യമാക്കേണ്ട ചുമതല കമ്പനിയുടേതാണെന്നിരിക്കേ, അക്കാര്യം ഉറപ്പ് വരുത്താതെയാണ് നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറി കമ്പനിയ്ക്ക് തുക അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹7,00,000/- തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്

അന്വേഷണക്കുറിപ്പിന് (നം.18/തീയതി. 13.08.2025) വഴിവിളക്ക് സ്ഥാപിച്ചതിന്റെ കൃത്യമായ വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണെന്നാണ് മറുപടി നൽകിയത്.

**1-22 ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭിച്ചില്ല**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 61/25, ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ (₹) | 15,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം ) |
| ആകെച്ചെലവ് (₹) | 15,00,000/- |
| ബിൽ നം./തീയതി | 24100452008840087l263/06.11.2024/5,00,000/- |
| | 24100452008840096l625/28.11.2024/5,00,000/- |
| | 24100452008840092l040/19.11.2024/5,00,000/- |

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങലിനായി ആകെ ₹15,00,000/- ഔഷധിയിൽ ഒടുക്കിയിരുന്നെങ്കിലും ₹14,22,329/- യുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ₹77,671/- – യുടെ മരുന്നുകൾ നാളിതുവരെയും ലഭിച്ചിട്ടില്ല. ₹77,671/- – യുടെ മരുന്ന് അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് അവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിക്കേണ്ടതുമാണ്. മരുന്ന് വാങ്ങൽ പദ്ധതികൾ സമയബന്ധിതമായി ഏറ്റെടുക്കുന്നതിനും സാമ്പത്തികവർഷാവസാനം വരെ കാത്തിരിക്കാതെ മുൻകൂട്ടി തുക ഒടുക്കി മരുന്ന് ലഭ്യത ഉറപ്പാക്കേണ്ടതുമാണ്.

**1-23 ഒരേ ഗുണഭോക്താവിന് രണ്ടു തവണ പമ്പ് സെറ്റ് വിതരണം ചെയ്തു**

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടത്തിയ പമ്പ്സെറ്റ് വിതരണം എന്ന പദ്ധതിയിൽ ഒരേ ഗുണഭോക്താവിന് രണ്ടു തവണ പമ്പ് സെറ്റ് വിതരണം ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി നം./ പദ്ധതിയുടെ പേര് | 112/25, മോട്ടോർ പമ്പ്സെറ്റ് വിതരണം | 111/25, മോട്ടോർ പമ്പ് സെറ്റ് വിതരണം |
|---|---|---|
| വകയിരുത്തിയ തുക (₹) | 3,50,000/- വികസനഫണ്ട് – പൊതുവിഭാഗം | |
| ഗുണഭോക്തൃവിഹിതം | 1,40,000/- | ₹1,83,600/- സ്പിൽ ഓവർ ഗുണഭോക്തൃവിഹിതം മാത്രം തൻവർഷം നൽകി |
| ചെലവ് (₹) | 3,50,000/- | |
| ബിൽ നം./തീയതി/തുക (₹) | BRN 24100452008100599596/2/24-25/ 31.08.2025/2,10,000/- | - |
| | BRN 24100452008101670259/7/24-25/ 28.03.2025/1,40,000/- | |

1) പദ്ധതി നം.112/25 – ൽ 30 പമ്പ്സെറ്റുകൾ ഇൻവോയ്സ് നം.274/01.03.2024 പ്രകാരവും 20 പമ്പ് സെറ്റുകൾ ഇൻവോയ്സ് നം.295/24.03.2025 പ്രകാരവും കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തൊടുപുഴയിൽ നിന്നും മഹീന്ദ്രാ പമ്പ്സെറ്റുകളും അനുബന്ധഉപകരണങ്ങളും അടക്കം ഒന്നിന് ₹14,000/- എന്ന നിരക്കിൽ വാങ്ങി വിതരണം നടത്തി.

2) പദ്ധതി നം.111/25 – ൽ 30 പമ്പ്സെറ്റുകൾ ഇൻവോയ്സ് നം.296/22.03.2023 പ്രകാരവും 30 പമ്പ്സെറ്റുകൾ ഇൻവോയ്സ് നം.300/25.03.2024 പ്രകാരവും 30 പമ്പ്സെറ്റുകൾ ഇൻവോയ്സ് നം.290/18.03.2023 പ്രകാരവും 30 പമ്പ്സെറ്റുകൾ ഇൻവോയ്സ് നം.289/17.03.2023 പ്രകാരവും കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തൊടുപുഴയിൽ നിന്നും 2023-2024 - ൽ വാങ്ങി വിതരണം നടത്തിയതിന്റെ ഗുണഭോക്തൃവിഹിതമായ ₹1,83,600/- യും നൽകി. മേൽ വിവരിച്ച രണ്ട് പദ്ധതികളിലായി പമ്പ്സെറ്റുകൾ വിതരണം നടത്തിയപ്പോൾ ഒരു ഗുണഭോക്താവിന് രണ്ട് പ്രാവശ്യം പമ്പ് സെറ്റുകൾ നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| ഗുണഭോക്താവിന്റെ പേര് | ശ്രീ വന്ദനൻ എസ്. യശോധരൻ ശാന്തിഭവൻ, കല്ലാർ പി.ഒ., തൂക്കുപാലം |
| വാർഡ് നം. | 4 |
| വാർഡ് | മുണ്ടിയെരുമ |
| ഗുണഭോക്താവിന്റെ ക്രമ നം. | 3 |
| മോട്ടോറിന്റെ വില | പദ്ധതി നം.112/25 – ൽ ₹14,000/- (₹7,000/- ഗുണഭോക്തൃവിഹിതം)<br>പദ്ധതി നം.111/25 – ൽ ₹13,600/- (₹6,500/- ഗുണഭോക്തൃ വിഹിതം) |

തലേവർഷം മോട്ടോർ നൽകിയ ഗുണഭോക്താവിന് തന്നെ വീണ്ടും ആനുകൂല്യം നൽകിയതിനാൽ രണ്ടാമതായി നൽകിയ

മോട്ടോറിന്റെ വിലയായ 14,000/- ൽ ഗുണഭോക്തൃവിഹിതം ₹7,000/- കിഴിച്ചുള്ള ₹7,000/- വികസനഫണ്ട് തുക തിരികെ ഒടുക്കേണ്ടതാണ്.

**1-24 വിജിലൻസ് സ്ക്വാഡ് രൂപീകരണം - പ്രവർത്തനവിശദാംശങ്ങൾ ലഭ്യമാക്കിയില്ല**

20.05.2023 – ലെ സ.ഉ.(സാധാ)നം.1068/2023/ത.സ്വ.ഭ.വ. പ്രകാരം, തദ്ദേശസ്ഥാപനതലത്തിൽ ഖരമാലിന്യ പരിപാലനചട്ടങ്ങൾക്ക് വിരുദ്ധമായി, മാലിന്യം കൈകാര്യം ചെയ്യുന്നവർക്കെതിരെ നിയമനടപടി കർശനമാക്കുന്നതിന്റെ ഭാഗമായി പാമ്പാടുംപാറ ഗ്രാമപ്പഞ്ചായത്തിൽ വിജിലൻസ് സ്ക്വാഡ് രൂപീകരിച്ച് താഴെപ്പറയുന്ന ചുമതലകൾ ഭരമേല്പിച്ചു.

1. ജൈവമാലിന്യസംസ്കരണ സംവിധാനമില്ലാത്ത സ്ഥാപനങ്ങൾ/ഫ്ലാറ്റ്/അപ്പാർട്ട്മെന്റുകൾ/ഓഫീസുകൾ, വ്യാപാര സ്ഥാപനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കൽ.

2. പൊതുനിരത്തിൽ/ജലാശയത്തിൽ മാലിന്യം നിക്ഷേപിക്കുന്നവർ/കത്തിക്കുന്നവർ/ഒഴുക്കി വിടുന്നവരെ കണ്ടെത്തി നിയമത്തിനു മുന്നിൽ കൊണ്ടുവരൽ.

3. തദ്ദേശസ്വയംഭരണസ്ഥാപനം നിയോഗിച്ച എജൻസിക്ക് മാലിന്യം കൈമാറാതെ അനധികൃത എജൻസികൾക്ക് മാലിന്യം കൈമാറുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കൽ.

4. പൊതുപരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാത്തവരെ കണ്ടെത്തൽ, നടപടി സ്വീകരിക്കൽ.

5. നിരോധിത പ്ലാസ്റ്റിക്ക് ഉല്പന്നങ്ങളുടെ ഉല്പാദനം, വില്പന നടത്തുന്നവരെ കണ്ടെത്തി നിയമ നടപടി സ്വീകരിക്കൽ.

വിജിലൻസ് സ്ക്വാഡ് ആഴ്ചയിൽ കുറഞ്ഞത് 3 ദിവസം എങ്കിലും പരിശോധന നടത്തേണ്ടതും, പരിശോധനയ്ക് രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യേണ്ടതാണന്നും ജില്ലാ എൻഫോഴ്സ്മെന്റിന്റെ പരിശോധനവേളയിൽ ഈ രജിസ്റ്റർ നല്കേണ്ടതാണന്നും കമ്മറ്റി അംഗീകരിച്ച് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ രജിസ്റ്റർ പരിശോധിച്ചതിൽ, ആഴ്ചയിൽ കുറഞ്ഞത് 3 ദിവസം എങ്കിലും പരിശോധന നടത്തേണ്ടതാണെന്ന തീരുമാനം നടപ്പിൽ വരുത്താത്തതായും ഫൈൻ ഈടാക്കിയതിന്റെ വിശദാംശങ്ങൾ അതായത് നിയമലംഘനം നടത്തിയ വ്യക്തി അല്ലെങ്കിൽ സ്ഥാപനം, ഏതു വകുപ്പ് പ്രകാരം പിഴ ചുമത്തുന്നു, പിഴയായി ചുമത്തിയ തുക തുടങ്ങിയ വിശദാംശങ്ങളൊന്നും രേഖപ്പെടുത്തില്ല. പൊതുസ്ഥലങ്ങളിലും എസ്റ്റേറ്റുകളിലൂടെ കടന്നുപോകുന്നതും പൊതുവെ ജനസഞ്ചാരം കുറഞ്ഞതുമായ പാതയോരങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതും അത് നിർമ്മാർജനം ചെയ്യാൻ പഞ്ചായത്തുതന്നെ തുക ചെലവഴിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ മേൽ തീരുമാനത്തിനനുസൃതമായ നടപടികളെടുക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

**1-25 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണതോതിൽ ലഭിച്ചില്ല**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 75/25, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ (₹) | 3,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ ) |
| ചെലവ് (₹) | 3,00,000/- |
| ബിൽ നം./തീയതി | 241004520087005726O8/23.08.2024 |

മേൽ പദ്ധതി പ്രകാരം, മരുന്ന് വാങ്ങുന്നതിനായി ആകെ ₹3,00,000/- ഹോംകോയിൽ ഒടുക്കിയിരുന്നെങ്കിലും ₹1,00,287/- മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ₹1,99,287/- – യുടെ മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല. ₹1,99,287/- – യുടെ മരുന്ന് അടിയന്തരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് അവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിക്കേണ്ടതുമാണ്. മരുന്ന് വാങ്ങൽ പദ്ധതികൾ സമയബന്ധിതമായി ഏറ്റെടുക്കുന്നതിനും സാമ്പത്തികവർഷാവസാനം വരെ കാത്തിരിക്കാതെ മുൻകൂട്ടി തുക ഒടുക്കി മരുന്ന് ലഭ്യത ഉറപ്പാക്കേണ്ടതുമാണ്.

**1-26 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല**

| | | | |
|---|---|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 60/25, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾക്ക് മരുന്ന് വാങ്ങൽ | | |
| അടങ്കൽ (₹) | 15,00,000/- | | |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | | |
| ആകെച്ചെലവ് (₹) | 11,94,174/- | | |
| | ബിൽനം./തീയതി/തുക(₹) | മരുന്ന് ലഭിച്ചത് (₹) | മരുന്ന് ലഭിക്കുവാൻ അവശേഷിക്കുന്നത് (₹) |
| | 241004520083005571 11/19.08.2024 5,45,857/- | 3,41,880/- | 2,03,977/- |
| | 241004520083009753 87/03.12.2024 3,33,943/- | 1,20,237/- | 2,13,706/- |
| | 241004520083013546 08/20.02.2025 1,17,788/- (പാർട്ട് ബിൽ) | 48,244/- | 69,544/- |
| | 241004520083015630 56/17.03.2025 1,96,586/- | 49,948/- | 1,46,638/- |
| ആകെ | | 5,60,309/- | 6,33,860/- |

മേൽ പദ്ധതി പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും മരുന്ന് വാങ്ങൽ പദ്ധതിയിൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബില്ലുകൾ പ്രകാരം ₹11,94,174/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ₹5,60,308/- – യുടെ

മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ലഭിക്കുവാനുള്ള ₹6,33,865/- – യുടെ മരുന്ന് നാളിതുവരെ ലഭ്യമാക്കിയില്ല. മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/തീയതി. 13.08.2025) മറുപടി നൽകിയില്ല. മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതും അവ സ്റ്റോക്കിൽ രേഖപ്പെടുത്തി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-27 ടർഫ് നിർമ്മാണം - ടർഫ് ഗ്രാസ്സിന്റെ ഗുണനിലവാരമുറപ്പാക്കാതെ അധികം നിരക്ക് നൽകി**

| | |
|---|---|
| പദ്ധതി നം. | 160/24-25 |
| പദ്ധതിയുടെ പേര് | തേർഡ് ക്യാമ്പ് ഗവ.എൽ.പി.സ്കൂൾ ടർഫ് നിർമ്മാണം പൂർത്തീകരണം |
| വകയിരുത്തിയ തുക (₹) | 13,72,000/- സംരക്ഷണഗ്രാന്റ് (റോഡിതരം) |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ എൻ. കൃഷ്ണൻകുട്ടി |
| ചെലവ് തുക (₹) | 12,12,850/- |
| ബിൽ നം./വൗച്ചർ നം./തീയതി | 04/24-25/11.07.2024 |
| കരാർ നം./തീയതി | 40/AE/LID&EW/PAM/2023-2024 തീയതി. 04.03.2024 |

തേർഡ് ക്യാമ്പ് ഗവ.എൽ.പി.സ്കൂൾ ടർഫ് നിർമ്മാണം എന്ന പ്രവൃത്തിയിൽ ഗ്രൗണ്ടിൽ വിരിക്കുന്ന ഗ്രാസ്സിന് മാർക്കറ്റിൽ സ്ക്വയർ ഫീറ്റിന് ₹55/- മുതൽ ₹75/- വരെ വിവിധ നിരക്കുകളിൽ വിവിധ ക്വാളിറ്റിയിൽ മാർക്കറ്റിൽ ലഭ്യമായിരിക്കെ, മാർക്കറ്റ് നിരക്കിനേക്കാൾ ഒബ്സെർവ്ഡ് ഡാറ്റാ തയ്യാറാക്കി കരാറുകാരൻ ഉപയോഗിച്ച ടർഫ് മെറ്റീരിയൽ ഏതുനിരക്കിലുള്ളതാണെന്ന് പരിശോധിച്ച് ബോധ്യപ്പെടാതെ തുക നൽകിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| Item | Quantity | Market Rate (നൽകിയത്) (₹) | Amount (₹) | Market Rate (നൽകാവുന്നത്) (₹) | Amount (₹) |
|---|---|---|---|---|---|
| Maveric Turf Football Grass Pile Height 50 Mm Yarn Mono Filament PE Moon DTEX 16000 Backing Latex Coated Colour Green Standard Quality For Two Years Warrenty | 600 /- Sq.M | 914.60/Sq.M Ie. 85/ Sq.Feet (For Two Year Warrenty) | 5,48,760.00 | 75/- Sq. Feet (Ie. 807.30/Sq.M) (For 5 To 6 Year Life Span) | 4,84,380.00 |
| Adhesive Tapes | 600/- | 100.00 | 60,000.00 | 100.00 | 60,000.00 |
| Silica Sand | 14,848.80 | 5.50 | 81,668.40 | 14,848.8 | 81,668.40 |
| Rubber Granule | 4,519.20 | 22.00 | 99,422.40 | 4,519.20 | 99,422.40 |
| Installation Charge | 600.00 | 110.0 | 66,000.00 | 110 | 66,000.00 |
| Total | | | 8,55,850.80 | | 7,91,470.80 |
| Unit Total | 1 | Sqm | 1,426.42 | | 1,319.10 |
| Add Water Charge | 1,426.42 | @ 1.00% | 14.26 | | 13.19 |
| Total | | | 1,440.68 | | 1,332.29 |
| Add C.P & Over Head | @15% | | 216.10 | | 199.84 |
| Total | | | 1,656.78 | | 1,532.13 |
| Add Cost Index | 0.00 | 41.53% | 0.00 | | 0.00 |
| Grand Total | | | 1,656.78 | | 1,532.13 |

അധികമായി നൽകിയ തുക ₹1,656.78 – ₹1,532.13 = ₹124.65/- Sq.M

പ്രസ്തുത പ്രവൃത്തിയിൽ ഐറ്റം നം.1 ആയി ടർഫ് വിരിക്കലും ഐറ്റം നം.2 ആയി ഗ്രാനൈറ്റ് നെയിം ബോർഡ് സ്ഥാപിക്കലും ഉൾപ്പെടുത്തി ആകെ ₹13,72,000/- – യുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഇ-ടെണ്ടർ നടത്തിയപ്പോൾ ശ്രീ. കൃഷ്ണൻകുട്ടി ₹10,27,839.06 11,58 % ബിലോ ക്വോട്ട് ചെയ്യുകയും ചെയ്തു. കുറഞ്ഞ തുക ക്വോട്ടുചെയ്ത ഈ-ടെണ്ടർ 23.02.2024 – ലെ 1(3) തീരുമാനം പ്രകാരം കമ്മറ്റി അംഗീകരിച്ചു. തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഐറ്റം നം. | ഇനം | അളവ് | നിരക്ക് | | തുക (₹) | |
|---|---|---|---|---|---|---|
| | | | നൽകിയത് (₹) | നൽകാവുന്നത് (₹) | നൽകിയത് | നൽകാവുന്നത് |
| 1 | ടർഫ് വിരിക്കൽ | 700 | 1,656.78-11.58%= 1,464.59 | 1,532.13- (11.58% Of 1,532.13=177.4) = 1,354.73 | 10,25,213/- | 9,48,311/- |
| 2 | നെയിം ബോർഡ് സ്ഥാപിക്കൽ | 1 | 2,626/- | 2,626/- | 2,626/- | 2626/- |
| ആകെ | | | നിരക്ക് | | 10,27,839.06 | 9,50,937/- |

| | | |
|---|---|---|
| ജി.എസ്.റ്റി. @18 % | 1,85,011/- | 1,71,168.66/- |
| ആകെ | 12,12,850/- | 11,22,105.66/- |
| ഡിഡക്ഷൻസ് ജി.എസ്.റ്റി. CGST | 10,279/- | 9,509/- |
| SGST | 10,279/- | 9,509/- |
| IT | 10,278/- | 9,509/- |

| | | |
|---|---|---|
| WWF | 19,278/- | 9,509/- |
| ആകെ | 41,114/- | 38,036/- |
| കരാറുകാരന് നൽകിയത് | 11,71,736/- | 10,84,069.66/- |
| അധികം നൽകിയത് | 87,666.34/- | |

കരാറുകാരന് അധികം നൽകിയ തുക ₹87,666.34/- തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 09/12.08.2025 – ന് മറുപടി നൽകിയില്ല. കരാറുകാരന് അധികം നൽകിയ തുക ₹87,666.34/- തിരികെ ഈടാക്കേണ്ടതാണ്.

**1-28 തേർഡ് ക്യാമ്പ് എൽ.പി. സ്കൂൾ കോമ്പൗണ്ടിൽ ടർഫ് നിർമ്മാണം - തുടർപ്രവർത്തനങ്ങൾ വിഭാവനം ചെയ്ത് നടപ്പാക്കിയില്ല**

| പദ്ധതി നം. | 160/24-25 | 134/24-25 |
|---|---|---|
| പദ്ധതിയുടെ പേര് | തേർഡ് ക്യാമ്പ് ഗവ.എൽ.പി.സ്കൂൾ ടർഫ് നിർമ്മാണം പൂർത്തീകരണം | തേർഡ് ക്യാമ്പ് ഗവ.എൽ.പി.സ്കൂളിൽ കളിക്കളം നിർമ്മാണം. |
| വകയിരുത്തിയ തുക (₹) | 13,72,000/- സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 25,00,000/- ജില്ലാപ്പഞ്ചായത്ത് ഫണ്ട് 2,00,000 /- തനത് ഫണ്ട് |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ എൻ. കൃഷ്ണൻകുട്ടി | ശ്രീ എൻ. കൃഷ്ണൻകുട്ടി |
| ചെലവ് തുക (₹) | 12,12,850/- | 2,00,000/- |
| ബിൽ നം.വൗച്ചർ നം./തീയതി | 04/24-25/11.07.2024 | 04/24-25/11.07.2024 |
| കരാർ നം./തീയതി | 40/AE/LID&EW/PAM/2023-24/ 04.03.2024 | 41/AE/LID&EW/PAM/2023-24/ 04.03.2024 |

മേൽ വിവരിച്ച രണ്ട് പദ്ധതികളിലായി തേർഡ് ക്യാമ്പ് ഗവ.എൽ.പി.സ്കൂൾ കോമ്പൗണ്ടിൽ ഗ്രൗണ്ട് തയ്യാറാക്കി ടർഫ് നിർമ്മാണം പൂർത്തീകരിച്ചു. എന്നാൽ ടർഫിന്റെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1). ടർഫിന്റെ തുടർസംരക്ഷണച്ചുമതല സ്കൂളിനാണോ പഞ്ചായത്തിനാണോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല.

2). ടർഫിന്റെ തുടർസംരക്ഷണച്ചുമതല സ്കൂളിനാണെങ്കിൽ ആർക്കൊക്കെയാണ് ഉപയോഗിക്കാനാവുന്നതെന്ന് വ്യക്തത വരുത്തി ഉപയോക്താക്കൾക്ക് നിരക്ക് നിശ്ചയിച്ച് സംരക്ഷണം ഉറപ്പുവരുത്തേണ്ടതാണ്.

3). ടർഫിന്റെ പ്രതലത്തിന്റെ ഗ്യാരണ്ടി രണ്ട് വർഷമായി പദ്ധതി നം. 160/24-25 – ന്റെ എസ്റ്റിമേറ്റിൽ പരാമർശിക്കുന്നതല്ലാതെ ഗ്യാരണ്ടി സംബന്ധിച്ചുള്ള രേഖകളൊന്നും ഫയലിലില്ല.

4). ടർഫിന്റെ തുടർസംരക്ഷണച്ചുമതല സ്കൂളിനാണെങ്കിൽ സ്കൂൾ സമയത്തല്ലാതെ ടർഫ് ഉപയോക്താക്കൾക്ക് ലഭ്യമാകുമോ എന്നത് വ്യക്തമല്ല.

5). ടർഫ് തേർഡ് ക്യാമ്പ് ഗവ. എൽ.പി.സ്കൂൾ കുട്ടികൾക്കുവേണ്ടിയാണ് നിർമ്മിച്ചിരിക്കുന്നതെങ്കിൽ എൽ.പി. സ്കൂളിൽ കായികാദ്ധ്യാപക തസ്തികയില്ലാതെ എങ്ങനെ പരിശീലനം നടത്തുമെന്നതിന് വ്യക്തതയില്ല.

മേൽ വിവരിച്ച അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതും ടർഫിന്റെ തുടർസംരക്ഷണവും ക്രിയാത്മകമായ ഉപയോഗവും സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പ് നം.20/13.08.2025 - ന് മറുപടി നൽകിയില്ല.

**1-29 നിർമ്മാണപ്രവൃത്തികളുടെ സംരക്ഷണം ഉറപ്പാക്കിയില്ല**

പാമ്പാടുംപാറ ഗ്രാമപ്പഞ്ചായത്ത് 2024-2025 വാർഷിക പദ്ധതി നമ്പർ.227/24, മാനാന്തടംപടി എൻക്രോച്ച് റോഡ് കോൺക്രീറ്റിംഗ് എന്ന പദ്ധതിയുടെ ഭാഗമായി, കോൺക്രീറ്റ് പൂർത്തീകരിച്ചതിന്റെ അന്ന് രാത്രിയിൽ വാഹനം കയറ്റി റോഡ് നശിപ്പിച്ചുവെന്നും ആയതിന് നിയമനടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ കത്ത് 03.12.2024 - ലെ കമ്മറ്റി വിശദമായി ചർച്ച ചെയ്ത് പൊതുവഴി നശിപ്പിച്ചവരെ കണ്ടെത്തണമെന്നും മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും കമ്മറ്റി ഐകകണ്ഠേന അഭിപ്രായപ്പെടുകയും പോലീസ് കേസ് നൽകുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി **നമ്പർ :- 2** ആയി തീരുമാനമെടുത്തു.

മരാമത്ത് പ്രവൃത്തികളിൽ കരാറുകാരന് സൈറ്റ് കൈമാറി നൽകിക്കഴിഞ്ഞ് പണി പൂർത്തിയാക്കി തിരികെ ഏൽപ്പിക്കുന്നതു വരെയുള്ള സംരക്ഷണച്ചുമതല, ആ റോഡുപയോഗിക്കുന്നവർക്കുള്ള ബദൽ ഗതാഗത സൗകര്യമൊരുക്കൽ തുടങ്ങിയ ഉത്തരവാദിത്വങ്ങൾ കരാറുകാരനിൽ നിക്ഷിപ്തമാണ്. ഇത്തരം പ്രവൃത്തികളുടെ ചെലവിലേക്കായാണ് ഓവർ ഹെഡ് ചാർജ് നൽകിയിരിക്കുന്നത് എന്നതിനാൽ, ഭാവിയിൽ നിർമ്മാണ പ്രവൃത്തികളിൽ മേൽ വിവരിച്ച സാഹചര്യങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ ഭരണസമിതി, നിർവ്വഹണോദ്യോഗസ്ഥൻ വഴി കരാറുകാർക്ക് നൽകുന്നത് ഉചിതമായിരിക്കും.

**1-30 മരാമത്ത് പ്രവൃത്തികൾ നല്ല ശതമാനവും പൂർത്തിയാക്കാൻ കഴിയുന്നില്ല**

ഗ്രാമപ്പഞ്ചായത്തിൽ 2024-2025 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കാൻ നിശ്ചയിച്ചിരിക്കുന്ന നല്ലൊരു ശതമാനം പ്രവൃത്തികളും പൂർത്തീകരിക്കാനായില്ല.

| ആകെ വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | ഫൈനൽ/പാർട്ട് ബിൽ നൽകിയത് | ശതമാനം (%) |
|---|---|---|
| 126 | 57 | 45 |

| ആകെ വകയിരുത്തിയത് (₹) | ഫൈനൽ /പാർട്ട് ബിൽ നൽകിയത് | |
|---|---|---|
| 9,16,99,562/- | 3,24,29,324/- | 35 |

അസിസ്റ്റന്റ് എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി വിഭാവനം ചെയ്ത പ്രവൃത്തികൾ പൂർത്തീകരിക്കാനാവാതെ വന്നതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് നം.23/14.08.2025 – ന് മറുപടി നൽകിയില്ല.

**1-31 സാമൂഹ്യസുരക്ഷാപെൻഷൻ - അനർഹമായ കാലയളവിൽ തുക അനുവദിച്ചു**

ഗ്രാമപ്പഞ്ചായത്തിലെ സാമൂഹ്യസുരക്ഷാപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട സേവന പെൻഷൻ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ച വിവരങ്ങൾ, തൻവർഷത്തെ സിവിൽ രജിസ്ട്രേഷൻ രേഖകൾ ആസ്പദമാക്കി പരിശോധിച്ചതിൽ, ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ആധാർ നമ്പർ (അവസാന 4 അക്കം) | മരിച്ച തീയതി | അനർഹമായ കാലയളവ് | നിക്ഷേപിച്ച തുക (₹) | പെൻഷൻ ഇനം |
|---|---|---|---|---|---|---|
| 1 | ശ്രീമതി താജുന്നിസ | 0438 | 11-06.202024 | 7/2024-10/2024 | 6,400/- | വാർദ്ധക്യകാല പെൻഷൻ |
| 2 | ശ്രീമതി മൈമൂൺ ബിവി | 0382 | 27.06.202024 | 7/2024-10/2024 | 6,400/- | വാർദ്ധക്യകാല പെൻഷൻ |
| 3 | ശ്രീ വേലായുധൻ കെ.കെ | 0146 | 12.03.202024 | 4/2024-7/2024 | 4,800/- | കർഷകത്തൊഴിലാളി പെൻഷൻ |
| 4 | ശ്രീ ജനാർദ്ദനൻ കുഞ്ഞുകുട്ടി | 2698 | 17.06.202024 | 7/2024-10/2024 | 6,400/- | കർഷകത്തൊഴിലാളി പെൻഷൻ |
| 5 | ശ്രീമതി ഗൗരി ജനാർദ്ദനൻ | 0140 | 04.07.202024 | 8/2024-10/2024 | 4,800/- | വാർദ്ധക്യകാല പെൻഷൻ |
| 6 | ശ്രീമതി വസന്ത ചുരുളിയത്ത് | 202504 | 03.08.202024 | 9/2024-5/2025 | 16,000/- | വാർദ്ധക്യകാല പെൻഷൻ |
| 7 | ശ്രീമതി ഏലിക്കുട്ടി ജോർജ് | 0487 | 04.08.202024 | 9/2024-5/2025 | 14,400/- | വാർദ്ധക്യകാല പെൻഷൻ |
| 8 | ശ്രീ വാസുദേവൻ നായർ | 0856 | 11.07.202024 | 8/2024-5/2025 | 16,000/- | വാർദ്ധക്യകാല പെൻഷൻ |
| 9 | ശ്രീമതി ആരിഫ | 0682 | 05.08.202024 | 9/2024-5/2025 | 14,400/- | വാർദ്ധക്യകാല പെൻഷൻ |
| 10 | ശ്രീമതി രാജമ്മാൾ ചെട്ടിയാർ | 0710 | 11.08.202024 | 9/2024-5/2025 | 14,400/- | വാർദ്ധക്യകാല പെൻഷൻ |
| 11 | ശ്രീ വിശ്വനാഥൻ നായർ | 0711 | 17.08.202024 | 9/2024-5/2025 | 14,400/- | വാർദ്ധക്യകാല പെൻഷൻ |
| 12 | ശ്രീ ഉണ്ണികൃഷ്ണ പിള്ള | 0142 | 26.08.202024 | 9/2024-5/2025 | 14,400/- | വാർദ്ധക്യകാല പെൻഷൻ |
| 13 | ശ്രീമതി ഏലിക്കുട്ടി ജോസഫ് | 0336 | 08.11.202024 | 12/2024-5/2025 | 9,600/- | വാർദ്ധക്യകാല പെൻഷൻ |
| 14 | ശ്രീ ജോർജ് വർക്കി | 1176 | 18.11.202024 | 12/2024-01/2025 | 3,200/- | വാർദ്ധക്യകാല പെൻഷൻ |
| ആകെ | | | | | 1,45,600/- | |

ഗ്രാമപ്പഞ്ചായത്തിൽ മാത്രം തൻവർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്യപ്പെട്ട ഏതാനും ഗുണഭോക്താക്കളുടെ വിവരങ്ങളാണ് മുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ഗ്രാമപ്പഞ്ചായത്തിൽ നിന്ന് പെൻഷൻ കൈപ്പറ്റുന്നതും മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പരിധിയിൽ മരണപ്പെട്ടവരുമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. പല ഗുണഭോക്താക്കളെയും പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയത്, മരണം രജിസ്റ്റർ ചെയ്ത് മാസങ്ങൾക്ക് ശേഷമാണെന്ന് മേൽ പട്ടികയിൽ നിന്ന് വ്യക്തമാണ്. അനർഹരായവരുടെ പെൻഷൻ ഐ.ഡി. – കൾ സമയബന്ധിതമായി റദ്ദാക്കാത്തതിനാലാണ് ഇത്തരത്തിൽ അധികച്ചെലവുകൾ ഉണ്ടാകുന്നത്.

മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് 23.09.2020 - ലെ സ.ഉ(സാധാ)നം.97/2020/ധന. ഉത്തരവിലെ ഖണ്ഡിക നം.സി(12)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക നം.സി(13) പ്രകാരം, പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശികസർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിനുശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ, അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും തുക കൈപ്പറ്റിയ അനന്തരാവകാശികളിൽ നിന്നും തുക പിടിക്കേണ്ടതാണെന്നും 05.11.2020-ലെ നം.67/2020/ധന.- നം. സർക്കുലർ പ്രകാരം, മരണപ്പെട്ടവരെയും അനർഹരായവരെയും സമയബന്ധിതമായി പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്ന് ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

പെൻഷണർ അനർഹനാവുന്ന അവസരത്തിൽത്തന്നെ അത് സമയബന്ധിതമായി അറിയിച്ചാൽ മാത്രമേ ബോർഡുകൾക്കും ബാങ്കുകൾക്കും പെൻഷൻ വിതരണം ചെയ്യുന്ന തദ്ദേശസ്ഥാപനങ്ങൾക്കും അനർഹരായവരെ ഒഴിവാക്കുന്നതിനു സാധിക്കൂ. നിലവിൽ അനർഹമായി നൽകിയ മേൽ തുകകൾ ബാങ്കിൽ നിന്നോ അനർഹർ

കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് 17.08.2017 - ലെ സ.ഉ.(സാധാ)നം.381/2017/ധന., നിർദ്ദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

**1-32 ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നില്ല**

1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ 173-എ പ്രകാരം, പഞ്ചായത്തിന് കൈമാറിയ ഓരോ പൊതുജനാരോഗ്യസ്ഥാപനത്തിനും വേണ്ടി ചെയർമാൻ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജ്മെന്റ് കമ്മിറ്റി, നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. അതനുസരിച്ച് 23.08.2003 - ലെ സ.ഉ.(അ).നം259/2003/ത.സ്വ.ഭ.വ. (എസ്.ആർ.ഒ. നമ്പർ.837/2003) എന്ന വിജ്ഞാപനപ്രകാരം, 2003 – ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റികൾ) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ചട്ടങ്ങൾ അതിലംഘിച്ച് ഇതേ പേരോടുകൂടി 2010 – ൽ ചട്ടങ്ങൾ പുറപ്പെടുവിച്ചു. (15.06.2010 - ലെ സ.ഉ.(കൈ)നം.125/2010/ത.സ്വ.ഭ.വ.(എസ്.ആർ.ഒ. നമ്പർ.598/2010) പ്രസ്തുത ചട്ടങ്ങളിലെ, ചട്ടം 9(1) – ലൂടെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ ഫണ്ട് ഓഡിറ്റ് ചെയ്യുന്നതിനുള്ള ചുമതല കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. പാമ്പാടുംപാറ ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 2 ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ വാർഷികകണക്കുകളുടെ ഓഡിറ്റ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആരോഗ്യസ്ഥാപനത്തിന്റെ പേര് | അവസാനമായി ഓഡിറ്റ് നടന്ന കാലയളവ് | വാർഷികകണക്ക് ലഭ്യമാക്കാത്ത വർഷം |
|---|---|---|
| സി.എച്ച്.സി., പാമ്പാടുംപാറ | - | നാളിതുവരെ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല |
| ഗവ.ഹോമിയോ ഡിസ്പെൻസറി പാമ്പാടുംപാറ | - | നാളിതുവരെ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല |

പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം, ഗ്രാമപ്പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് പഞ്ചായത്ത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ സമയബന്ധിതമായി ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-33 ജനറൽ കമ്മറ്റി മിനിട്ട്സ് അംഗീകരിക്കുന്നതിൽ കാലതാമസം നേരിടുന്നു.**

1995 - ലെ കേരള പഞ്ചായത്ത് രാജ് (യോഗനടപടിക്രമം) ചട്ടങ്ങളിലെ, ചട്ടം 26 പ്രകാരം, യോഗനടപടിക്കുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ അദ്ധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണെന്നും സെക്രട്ടറി തയ്യാറാക്കിയ യോഗനടപടിക്കുറിപ്പിന്റെ നക്കൽ അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതാപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതും അദ്ധ്യക്ഷൻ അംഗീകരിച്ച യോഗനടപടിക്കുറിപ്പ് സെക്രട്ടറിക്ക് ലഭിച്ചാൽ ഉടൻ തന്നെ അത് മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതും അതിന്റെ പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിലവിൽ സകർമ്മ സോഫ്റ്റ് വെയർ മുഖേനയാണ് യോഗനടപടിക്രങ്ങൾ രേഖപ്പെടുത്തുന്നത്. എന്നാൽ 2024-2025 വർഷം നടന്ന ഏതാനും യോഗങ്ങളുടെ മിനിട്ട്സുകൾ പ്രസ്തുത സമയക്രമം പാലിക്കാതെയാണ് അംഗീകരിച്ചിരിക്കുന്നത്. മിനിട്ട്സുകൾ രേഖപ്പെടുത്തി കൃത്യസമയത്ത് പ്രസിഡണ്ടിന് അയച്ച് നൽകുകയോ ലഭിച്ച മിനിട്ട്സ് പ്രസിഡണ്ട് സമയബന്ധിതമായി അംഗീകരിക്കുകയോ ചെയ്യുന്നില്ല. മൂന്ന് മാസങ്ങൾ വരെ മിനിട്ട്സ് അംഗീകരിക്കുന്നതിന് സമയമെടുക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | യോഗം നടന്ന തീയതി | യോഗനടപടിക്രമങ്ങൾ അംഗീകാരത്തിന് പ്രസിഡണ്ടിന് നൽകിയ തീയതി | യോഗനടപടിക്രമങ്ങൾ പ്രസിഡണ്ട് അംഗീകരിച്ച തീയതി |
|---|---|---|---|
| 1 | 15.06.2024 | 03.07.2024 | 03.07.2024 |
| 2 | 11.07.2024 | 24.07.2024 | 24.07.2024 |
| 3. | 12.08.2024 | 30.09.2024 | 30.09.2024 |
| 4 | 30.08.2024 | 04.10.2024 | 04.10.2024 |
| 5 | 12.09.2024 | 11.11.2024 | 11.11.2024 |
| 6 | 19.10.2024 | 22.12.2024 | 22.12.2024 |
| 7 | 23.12.2024 | 02.02.2025 | 02.02.2025 |
| 8 | 20.02.2025 | 23.04.2025 | 23.04.2025 |
| 9 | 17.03.2025 | 17.05.2025 | 17.05.2025 |
| 10 | 31.03.2025 | 23.05.2035 | 23.05.2035 |

ഇത്തരത്തിൽ മിനിട്ട്സുകൾ അംഗീകരിക്കുന്നതിന് കാലതാമസം വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. സമയബന്ധിതമായി മിനിട്ട്സ് പൂർത്തിയാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**1-34 ദുരിതാശ്വാസനിധി സജീവമമല്ല**

2003 – ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ, പേമാരി, വെള്ളപ്പൊക്കം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്ത് നിവാസികളുടെ ദുരിതനിവാരണാർത്ഥം അടിയന്തിരധനസഹായം നല്കുന്നതിനുദ്ദേശിച്ച് വേറിട്ട് രൂപീകരിക്കുന്ന ഒരു അക്കൗണ്ടാണ് ദുരിതാശ്വാസനിധി. എന്നാൽ നാളിതുവരെ ഗ്രാമപ്പഞ്ചായത്തിന്റെ ദുരിതാശ്വസനിധി അക്കൗണ്ടിൽ ₹6,065/- മാത്രമാണ് നീക്കിയിരിപ്പ് ഉള്ളത്. പ്രസ്തുത ഉദ്ദേശ്യം മുൻ നിർത്തി ചട്ടം 3(2) പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് സജീവമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-35 സാന്ത്വനപരിചരണംല- പാലിയേറ്റീവ് രോഗികൾക്ക് മരുന്നുകൾ ലഭ്യമാക്കിയില്ല**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 58/2025, സാന്ത്വന പരിചരണം (പാലിയേറ്റീവ് രോഗികൾക്ക്) |
| അടങ്കൽ (₹) | 9,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| ചെലവ് തുക(₹) | 66,648/- |
| ബിൽനം./തീയതി/തുക (₹) | 1)24100452008301719592/26.03.2025/11,061/- (പാർട്ട് ബിൽ). മരുന്ന് ലഭിക്കാനുള്ളത് ₹9,076/-<br>2) 24100452008300654066/10.09.2024/53,880/- |
| ലഭിക്കാനുള്ള മരുന്നിന്റെ വില (₹) | 62,956/- |

മേൽ പദ്ധതി പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും മരുന്ന് വാങ്ങൽ എന്ന പദ്ധതിക്ക് മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബില്ലുകൾ പ്രകാരം ആകെ ₹66,648/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ₹3,692/- യുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ലഭിക്കുവാനുള്ള ₹62,956/- യുടെ മരുന്ന് ലഭ്യമാക്കിയില്ല. മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.30/തീയതി.14.08.2025) മറുപടി നൽകിയില്ല. പാലിയേറ്റീവ് രോഗികൾക്ക് അവരുടെ പരിചരണത്തിന് മുൻഗണന നൽകി നൽകേണ്ട മരുന്നുകൾ ലഭ്യമാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മരുന്നുകൾ കെ.എം.സി.എൽ. – ൽ നിന്നും ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതും അവ ലഭ്യമാക്കി സ്റ്റോക്കിൽ രേഖപ്പെടുത്തി പാലിയേറ്റീവ് രോഗികൾക്ക് വിതരണം ചെയ്യേണ്ടതും വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-36 സ്ഥിരനിക്ഷേപം - കാലാവധി കാലികമായി പുതുക്കുന്നില്ല**

നെടുങ്കണ്ടത്തുള്ള ഇടുക്കി ഡിസ്ട്രിക്ട് പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ പാമ്പാടുംപാറ ഗ്രാമപ്പഞ്ചായത്ത് ₹10,40,000/- – യുടെ സ്ഥിരനിക്ഷേപം 28.06.2021 - ൽ പുതുക്കിയിരുന്നു. 28.10.2021 - ൽ, മുതലുൾപ്പെടെ തിരികെ ലഭിക്കേണ്ട തുക ₹10,79,820/- എന്ന് സ്ഥിരനിക്ഷേപരസീതിൽ (നം.0132) രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത രസീതിന്റെ മുകളിൽ വലത് വശത്ത് സൊസൈറ്റിയുടെ സീൽ പതിപ്പിച്ച് ചുവപ്പ് മഷിയ്ക്ക് " Extended To 28.10.2021 To 28.02.2022 ” എന്നും " Extended To 28.02.2022 To 28.02.2023” എന്നും രേഖപ്പെടുത്തി ഒപ്പിട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ചുവപ്പ് മഷിയ്ക്ക് രേഖപ്പെടുത്തിയിരിക്കുന്നത് കാലാവധി പുതുക്കലാണെങ്കിൽ, പ്രസ്തുത കാലയളവിൽ ലഭിക്കേണ്ട പലിശയുടെ വിവരങ്ങളും അക്കാര്യം രസീതിൽ രേഖപ്പെടുത്താത്തതിന്റെ കാരണവും വ്യക്തമല്ല. 28.02.2023 – ന് ശേഷം സ്ഥിരനിക്ഷേപകാലാവധി കാലികമായി പുതുക്കാത്തതിന്റെ കാരണം ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.13/12.08.2025 നൽകിയിരുന്നുവെങ്കിലും മറുപടി നൽകിയില്ല.

**1-37 ഹെൽത്ത് ഗ്രാന്റ് - അവലോകനം**

പ്രാഥമികാരോഗ്യപരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യകമ്മീഷൻ 2021-2022 മുതൽ 2025-2026 വരെ ആരോഗ്യമേഖലാഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ധനകാര്യകമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. സ്കീമുകൾ താഴെ നൽകുന്നു.

**സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം**

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് ഗ്രാമപ്പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്രആരോഗ്യകുടുംബക്ഷേമമന്ത്രാലയം 31.08.2021 - ൽ പുറപ്പെടുവിച്ച സാങ്കേതികമാർഗ്ഗരേഖയുടെ അനുബന്ധം-3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിടനിർമ്മാണമാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

**സ്കീം-2 ബ്ലോക്ക് പൊതുജനാരോഗ്യകേന്ദ്രങ്ങൾക്ക് സഹായം**

ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൾക്ക് സഹായം നൽകൽ

**സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ**

പ്രാഥമികാരോഗ്യപരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ

ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുംബാരോഗ്യകേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യപരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

**<u>സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.</u>**

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യവർദ്ധകസേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗപ്രതിരോധപ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാലരോഗികൾക്ക് മാനസിക-സാമൂഹ്യ പിന്തുണ നൽകൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

**<u>സ്കീം-5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.</u>**

ഉപകരണങ്ങൾ വാങ്ങുന്നതിനും കേരളാ മെഡിക്കൽ കോർപ്പറേഷനും പരിശീലനവും ഉൾപ്പെടുന്നു.

**<u>സ്കീം- 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.</u>**

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

**<u>1. ഫണ്ട് വിശകലനം</u>**

പാമ്പാടുംപാറ ഗ്രാമപ്പഞ്ചായത്തിൽ 2021-2022 മുതൽ 2024-2025 വരെ ലഭ്യമായ വിവിധയിനം ഹെൽത്ത് ഗ്രാന്റുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് – ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെൽത്ത് ഗ്രാന്റ് ഫണ്ട് വിനിയോഗം 2021-2022 മുതൽ 2024-2025 വരെ | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ<br>(സ്കീം 3) AC. No. 40855944437<br>SBI NEDUMKANDAM | | | | | | | ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ<br>(സ്കീം 4) AC. No. 40855947880<br>SBI NEDUMKANDAM | | | | | |
| വർഷം | മുന്നിരിപ്പ് | ഗ്രാന്റ് | പലിശ | ആകെ | ചെലവ് | നീക്കിയിരിപ്പ് | മുന്നിരിപ്പ് | ഗ്രാന്റ് | പലിശ | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| 2022-2023 | 0 | 3,04,093.86 | 4,306 | 3,08,399.86 | 2,51,997 | 56,402.86 | 0 | 2,09,872 | 3,104 | 2,12,976 | 0 | 2,12,976 |
| 2023-2024 | 56,402.86 | 8,23,000 | 13,841 | 8,93,243.86 | 4,63,041 | 4,30,202.86 | 2,12,976 | 3,51,000 | 10,924 | 5,74,900 | 0 | 5,74,900 |
| 2024-2025 | 4,30,202.86 | 3,44,000 | 11,297 | 7,85,499.86 | 5,38,238 | 2,47,261.86 | 5,74,900 | 5,58,000 | 14,608 | 1147,508 | 4,97,491 | 6,50,017 |

ഗ്രാമപ്പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗവിവരം പ്രതിഫലിക്കുന്നുണ്ട്.

**<u>2. ഹെൽത്ത് ഗ്രാന്റ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ (2021-2022 മുതൽ 2024-2025 വരെ )</u>**

| ക്രമ നം. | വർഷം | പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|---|---|
| 1 | 2022-2023 | 192 | ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്റർ | 3,97,397/- | 2,51,997/- |
| 1 | 2023-2024 | 219 | പി.എച്ച്.സി.യിലേക്ക് രോഗനിർണയഉപകരണം വാങ്ങൽ | 4,63,041/- | 69,996/- |
| 2 | | 222 | ആരോഗ്യസ്ഥാപനത്തിലേക്ക് ലാപ്ടോപ് വാങ്ങൽ | | 99,739/- |
| 3 | | 223 | പി.എച്ച്.സി. യിലേക്ക് രോഗനിർണയഉപകരണം വാങ്ങൽ | | 2,68,800/- |
| 4 | | 224 | മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കൽ | | 24,506/- |
| 1 | 2024-25 | 255 | രോഗനിർണയസൗകര്യം ഏർപ്പെടുത്തലും ഉപകരണം വാങ്ങലും | 5,38,238/- | 2,47,033/- |
| 2 | | 249 | മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കൽ | | 99,494/- |
| 3 | | 284 | രോഗനിർണയസൗകര്യം ഏർപ്പെടുത്തലും ഉപകരണം വാങ്ങലും | | 46,900/- |
| 4 | | 254 | രോഗനിർണയസൗകര്യം ഏർപ്പെടുത്തലും ഉപകരണം വാങ്ങലും | | 1,44,811/- |
| 5 | | 218 | അഞ്ചുമുക്ക് പി.എച്ച്.സി. സബ് സെന്റർ മെയിന്റനൻസ് | 3,51,000/- | 3,38,502/- |
| 6 | | 252 | പനയ്ക്കൽ സിറ്റി പി.എച്ച്.സി. സബ് സെന്റർ മെയിന്റനൻസ് | 2,09,903/- | 1,82,699/- |

2022-2023, 2023-2024 വർഷങ്ങളിലെ ചെലവ് തുകകൾ ബാങ്ക് സ്റ്റേറ്റ്മെന്റിലെ തുകകളുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും 2024-2025 വർഷത്തെ ചെലവ് തുകകൾ പൊരുത്തപ്പെടാത്തതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

**<u>3. ഹെൽത്ത് ഗ്രാന്റ് മുഖേന വിഭാവനം ചെയ്തെങ്കിലും നടപ്പിലാക്കാത്ത പദ്ധതികൾ (2021-2022 മുതൽ 2024-2025 വരെ)</u>**

| ക്രമ നം. | പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ(₹) |
|---|---|---|---|
| 1 | 208 | രോഗനിർണയസൗകര്യം ഏർപ്പെടുത്തലും ഉപകരണം വാങ്ങലും | 2,97,100/- |
| 2 | 209 | കല്ലാർ സബ് സെന്റർ മെയിന്റനൻസ് | 5,58,000/- |
| 3 | 211 | രോഗനിർണയസൗകര്യം ഏർപ്പെടുത്തലും ഉപകരണം വാങ്ങലും | 589/- |
| 4 | 213 | രോഗനിർണയസൗകര്യം ഏർപ്പെടുത്തലും ഉപകരണം വാങ്ങലും | 13,432/- |
| 5 | 214 | പി.എച്ച്.സി. കെ.പി.കോളനി റൂഫിംഗ് | 27,204/- |
| 6 | 220 | പി.എച്ച്.സി. കെ.പി.കോളനി മേൽക്കൂര മെയിന്റനൻസ് | 12,498/- |

**4. ഹെൽത്ത് ഗ്രാന്റ് തുക അതാത് വർഷങ്ങളിൽ പൂർണ്ണമായും ചെലവഴിക്കാത്തതിന്റെ വിശദീകരണം**

എല്ലാ വർഷത്തിലും തുക ഭാഗീകമായാണ് ചെലവഴിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് ഗ്രാമപ്പഞ്ചായത്തിൽ നിന്ന് രേഖാമൂലം സമർപ്പിച്ച മറുപടിയിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾക്ക്, ടെൻഡർ നടപടികൾ സ്വീകരിച്ച് പദ്ധതികൾ പൂർത്തീകരിച്ചുവെങ്കിലും ടെൻഡർ സേവിംഗ്സ് തുകയ്ക്ക് അതാത് വർഷങ്ങളിലെ വാലിഡേഷനിൽ ഉൾപ്പെടുത്തി പദ്ധതി ഏറ്റെടുക്കുന്നതിനുള്ള സജ്ജീകരണം സുലേഖ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. ടി സജ്ജീകരണം 2025-2026 സാമ്പത്തികവർഷം സജ്ജീകരിക്കുകയും ആയതു പ്രകാരം പദ്ധതി, സേവിംഗ്സ് തുകയ്ക്ക് പദ്ധതി ഏറ്റെടുക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതും ടി സാമ്പത്തികവർഷത്തിൽ തന്നെ പദ്ധതി പൂർത്തീകരിക്കുന്നതുമാണെന്നാണ് അധികൃതർ അറിയിച്ചത്.

**1-38 ജൽജീവൻ മിഷൻ പദ്ധതി - അവലോകനം**

100 ശതമാനം ഗ്രാമീണഭവനങ്ങൾക്കും ഗാർഹികകുടിവെള്ളകണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തദ്ദേശഭരണസ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ളകണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ജൽജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്തഭരണാനുമതിയും നിർവ്വഹണസംവിധാനവും അംഗീകരിച്ചുകൊണ്ടും 2020-2021 സാമ്പത്തികവർഷത്തേക്ക് 880 കോടിയുടെ പദ്ധതി അടങ്കലിന് അംഗീകാരം നൽകികൊണ്ടും 08.06.2020 – ൽ സ.ഉ.(കൈ)നം.37/2020/ജ.വി.വ. ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപ്പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 – നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൌത്യങ്ങൾ. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്.

പാമ്പാടുംപാറ ഗ്രാമപ്പഞ്ചായത്തിലെ 2020-2021 വർഷം മുതലുള്ള വിവരങ്ങൾ പരിശോധിച്ചതിൽ, ജലജീവൻ മിഷൻ പദ്ധതിവിഹിതമായി ഗ്രാമപ്പഞ്ചായത്തിന്റെ ആക്ഷൻ പ്ലാൻ പ്രകാരം അടവാക്കേണ്ട 15% സ്ഥാപനവിഹിതവും 10% ഗുണഭോക്തൃവിഹിതവും ഗ്രാമപ്പഞ്ചായത്ത് 2020-2021 മുതൽ തൻവർഷം വരെ അടവാക്കിയില്ല. പദ്ധതിയ്ക്ക് നാളിതുവരെ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.6/10.08.2025 – ന് നല്കിയ മറുപടിയിൽ അറിയിച്ചു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 തേർഡ് ക്യാമ്പ് ഗവ.എൽ.പി.സ്ക്കൂൾ - ടർഫ് നിർമ്മാണം - ഉപയോഗിച്ച ടർഫ് മെറ്റീരിയലിന്റെ മാർക്കറ്റ് നിരക്ക് ഉറപ്പാക്കാതെ തുക നൽകി - നഷ്ടം - ₹87,666/-**

| | |
|---|---|
| പദ്ധതി നം. | 160/24-25 |
| പദ്ധതിയുടെ പേര് | തേർഡ് ക്യാമ്പ് ഗവ.എൽ.പി.സ്കൂൾ ടർഫ് നിർമ്മാണം പൂർത്തീകരണം |
| വകയിരുത്തിയ തുക (₹) | 13,72,000/- സംരക്ഷണഗ്രാന്റ് (റോഡിതരം) |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ എൻ. കൃഷ്ണൻകുട്ടി |
| ചെലവ് തുക (₹) | 12,12,850/- |
| ബിൽ നം./വൗച്ചർ നം./തീയതി | 04/24-25/11.07.2024 |

| കരാർ നം./തീയതി | 40/AE/LID&EW/PAM/2023-2024<br>തീയതി. 04.03.2024 |
|---|---|

തേർഡ് ക്യാമ്പ് ഗവ.എൽ.പി.സ്കൂൾ ടർഫ് നിർമ്മാണം എന്ന പ്രവൃത്തിയിൽ ഗ്രൗണ്ടിൽ വിരിക്കുന്ന ഗ്രാസ്സിന് മാർക്കറ്റിൽ സ്ക്വയർ ഫീറ്റിന് ₹55/- മുതൽ ₹75/- വരെ വിവിധ നിരക്കുകളിൽ വിവിധ ക്വാളിറ്റിയിൽ മാർക്കറ്റിൽ ലഭ്യമായിരിക്കെ, മാർക്കറ്റ് നിരക്കിനേക്കാൾ ഒബ്സെർവ്ഡ് ഡാറ്റാ തയ്യാറാക്കി കരാറുകാരൻ ഉപയോഗിച്ച ടർഫ് മെറ്റീരിയൽ ഏതുനിരക്കിലുള്ളതാണെന്ന് പരിശോധിച്ച് ബോധ്യപ്പെടാതെ തുക നൽകിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| Item | Quantity | Market Rate (നൽകിയത്) (₹) | Amount (₹) | Market Rate (നൽകാവുന്നത്) (₹) | Amount (₹) |
|---|---|---|---|---|---|
| Maveric Turf Football Grass Pile Height 50 Mm Yarn Mono Filament PE Moon DTEX 16000 Backing Latex Coated Colour Green Standard Quality For Two Years Warrenty | 600 /- Sq.M | 914.60/Sq.M Ie. 85/ Sq.Feet (For Two Year Warrenty) | 5,48,760.00 | 75/- Sq. Feet (Ie. 807.30/Sq.M) (For 5 To 6 Year Life Span) | 4,84,380.00 |
| Adhesive Tapes | 600/- | 100.00 | 60,000.00 | 100.00 | 60,000.00 |
| Silica Sand | 14,848.80 | 5.50 | 81,668.40 | 14,848.8 | 81,668.40 |
| Rubber Granule | 4,519.20 | 22.00 | 99,422.40 | 4,519.20 | 99,422.40 |
| Installation Charge | 600.00 | 110.0 | 66,000.00 | 110 | 66,000.00 |
| Total | | | 8,55,850.80 | | 7,91,470.80 |
| Unit Total | 1 | Sqm | 1,426.42 | | 1,319.10 |
| Add Water Charge | 1,426.42 | @ 1.00% | 14.26 | | 13.19 |
| Total | | | 1,440.68 | | 1,332.29 |
| Add C.P & Over Head | @15% | | 216.10 | | 199.84 |
| Total | | | 1,656.78 | | 1,532.13 |
| Add Cost Index | 0.00 | 41.53% | 0.00 | | 0.00 |
| Grand Total | | | 1,656.78 | | 1,532.13 |

അധികമായി നൽകിയ തുക ₹1,656.78 – ₹1,532.13 = ₹124.65/- Sq.M

പ്രസ്തുത പ്രവൃത്തിയിൽ ഐറ്റം നം.1 ആയി ടർഫ് വിരിക്കലും ഐറ്റം നം.2 ആയി ഗ്രാനൈറ്റ് നെയിം ബോർഡ് സ്ഥാപിക്കലും ഉൾപ്പെടുത്തി ആകെ ₹13,72,000/- – യുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഇ-ടെണ്ടർ നടത്തിയപ്പോൾ ശ്രീ. കൃഷ്ണൻകുട്ടി ₹10,27,839.06 11,58 % ബിലോ ക്വോട്ട് ചെയ്യുകയും ചെയ്തു. കുറഞ്ഞ തുക ക്വോട്ടുചെയ്ത ഈ-ടെണ്ടർ 23.02.2024 – ലെ 1(3) തീരുമാനം പ്രകാരം കമ്മറ്റി അംഗീകരിച്ചു. തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഐറ്റം നം. | ഇനം | അളവ് | നിരക്ക് | | തുക (₹) | |
|---|---|---|---|---|---|---|
| | | | നൽകിയത് (₹) | നൽകാവുന്നത് (₹) | നൽകിയത് | നൽകാവുന്നത് |
| 1 | ടർഫ് വിരിക്കൽ | 700 | 1,656.78-11.58%= 1,464.59 | 1,532.13- (11.58% Of 1,532.13=177.4) = 1,354.73 | 10,25,213/- | 9,48,311/- |
| 2 | നെയിം ബോർഡ് സ്ഥാപിക്കൽ | 1 | 2,626/- | 2,626/- | 2,626/- | 2626/- |
| ആകെ | | | നിരക്ക് | | 10,27,839.06 | 9,50,937/- |

| | | |
|---|---|---|
| ജി.എസ്.റ്റി. @18 % | 1,85,011/- | 1,71,168.66/- |
| ആകെ | 12,12,850/- | 11,22,105.66/- |
| ഡിഡക്ഷൻസ് ജി.എസ്.റ്റി. CGST | 10,279/- | 9,509/- |
| SGST | 10,279/- | 9,509/- |
| IT | 10,278/- | 9,509/- |
| WWF | 19,278/- | 9,509/- |
| ആകെ | 41,114/- | 38,036/- |
| കരാറുകാരന് നൽകിയത് | 11,71,736/- | 10,84,070/- |
| അധികം നൽകിയത് | 87,666/- (₹11,71,736/- – ₹10,84,070/-) | |

കരാറുകാരന് അധികം നൽകിയ തുക ₹87,666/- തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 09/12.08.2025 – ന് മറുപടി നൽകിയില്ല.കരാറുകാരന് അധികം നൽകിയ തുക ₹87,666/- തിരികെ ഈടാക്കേണ്ടതാണ്.

**3-2 ഒരേ ഗുണഭോക്താവിന് രണ്ടു തവണ പമ്പ് സെറ്റ് വിതരണം ചെയ്തു - നഷ്ടം - ₹7,000/-**

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടത്തിയ പമ്പ്സെറ്റ് വിതരണം എന്ന പദ്ധതിയിൽ ഒരേ ഗുണഭോക്താവിന് രണ്ടു തവണ പമ്പ് സെറ്റ് വിതരണം ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി നം./ പദ്ധതിയുടെ പേര് | 112/25, മോട്ടോർ പമ്പ്സെറ്റ് വിതരണം | 111/25, മോട്ടോർ പമ്പ്സെറ്റ് വിതരണം |
|---|---|---|
| വകയിരുത്തിയ തുക (₹) | 3,50,000/- വികസനഫണ്ട് പൊതുവിഭാഗം | |
| ഗുണഭോക്തൃ വിഹിതം | 1,40,000/- | 1,83,600/- സ്പിൽ ഓവർ ഗുണഭോക്തൃവിഹിതം മാത്രം തൻവർഷം നൽകി |
| ചെലവ് (₹) | 3,50,000/- | |
| ബിൽ നം./തീയതി/തുക (₹) | 2/24-25 Date 31.08.2025 BRN 2410045200810059 9596/2,10,000/- 7/24-25 Date 28.03.2025 BRN 410045200810167 0259/1,40,000/- | - |

1) പദ്ധതി നം.112/25 – ൽ 30 പമ്പ്സെറ്റുകൾ ഇൻവോയ്സ് നം.274/01.03.2024 പ്രകാരവും 20 പമ്പ് സെറ്റുകൾ ഇൻവോയ്സ് നം.295/24.03.2025 പ്രകാരവും കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തൊടുപുഴയിൽ നിന്നും മഹീന്ദ്രാ പമ്പ്സെറ്റുകളും അനുബന്ധഉപകരണങ്ങളും അടക്കം ഒന്നിന് ₹14,000/- എന്ന നിരക്കിൽ വാങ്ങി വിതരണം നടത്തി.

2) പദ്ധതി നം.111/25 – ൽ 30 പമ്പ്സെറ്റുകൾ ഇൻവോയ്സ് നം.296/22.03.2023 പ്രകാരവും 30 പമ്പ്സെറ്റുകൾ ഇൻവോയ്സ് നം.300/25.03.2024 പ്രകാരവും 30 പമ്പ്സെറ്റുകൾ ഇൻവോയ്സ് നം.290/18.03.2023 പ്രകാരവും 30 പമ്പ്സെറ്റുകൾ ഇൻവോയ്സ് നം.289/17.03.2023 പ്രകാരവും കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തൊടുപുഴയിൽ നിന്നും 2023-2024 - ൽ വാങ്ങി വിതരണം നടത്തിയതിന്റെ ഗുണഭോക്തൃവിഹിതമായ ₹1,83,600/- യും നൽകി. മേൽ വിവരിച്ച രണ്ട് പദ്ധതികളിലായി പമ്പ്സെറ്റുകൾ വിതരണം നടത്തിയപ്പോൾ ഒരു ഗുണഭോക്താവിന് രണ്ട് പ്രാവശ്യം പമ്പ് സെറ്റുകൾ നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| ഗുണഭോക്താവിന്റെ പേര് | ശ്രീ വന്ദനൻ എസ്. യശോധരൻ ശാന്തിഭവൻ, കല്ലാർ പി.ഒ., തൂക്കുപാലം |
| വാർഡ് നം. | 4 |
| വാർഡ് | മുണ്ടിയെരുമ |
| ഗുണഭോക്താവിന്റെ ക്രമ നം. | 3 |
| മോട്ടോറിന്റെ വില | പദ്ധതി നം.112/25 – ൽ ₹14,000/- (₹7,000/- ഗുണഭോക്തൃവിഹിതം) പദ്ധതി നം.111/25 – ൽ ₹13,600/- (₹6,500/- ഗുണഭോക്തൃ വിഹിതം) |

തലേവർഷം മോട്ടോർ നൽകിയ ഗുണഭോക്താവിന് തന്നെ വീണ്ടും ആനുകൂല്യം നൽകിയതിനാൽ രണ്ടാമതായി നൽകിയ മോട്ടോറിന്റെ വിലയായ 14,000/- ൽ ഗുണഭോക്തൃവിഹിതം ₹7,000/- കിഴിച്ചുള്ള ₹7,000/- വികസനഫണ്ട് തുക തിരികെ ഒടുക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച് പരിശോധന

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹) | റിമാർക്സ് |
|---|---|---|---|---|
| 17 | 67,500/- | 67,500/- | 0 | 0 |

* 01.04.2024 മുതൽ 31.03.2025 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹) | റിമാർക്സ് |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024-ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹) | റിമാർക്സ് |
|---|---|---|---|---|
| ബാധകമല്ല | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025– നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതൽ | മെഡിസെപ് പ്രീമിയം ഇനത്തിൽ | ഒടുക്കാൻ ബാക്കി | റിമാർക്സ് |
|---|---|---|---|---|---|

| | മാസം | അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | ഒടുക്കിയ തുക (₹) | നിൽക്കുന്ന തുക (₹) | |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

## 4-2 സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പദ്ധതിയുടെ പേര്/പദ്ധതി നം. | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ജില്ലാപ്പഞ്ചായത്ത് | 2024-25 | 1,36,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് 38/25) | 1,36,000/- | 0 |
| ജില്ലാപ്പഞ്ചായത്ത് | 2024-25 | 2,85,570/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2,85,570/- | 0 |
| ആകെ | | 4,21,570/- | ആകെ | 4,21,570/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2024-2025 | 3,50,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (38/25) | 3,50,000/- | 0 |
| ആകെ | | 3,50,000/- | ആകെ | 3,50,000/- | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/പ്രവൃത്തി നം. | ബിൽ/വൗച്ചർ നം./ തീയതി | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| ഭൂജലവകുപ്പ് | വിവിധ കുടിവെള്ളപദ്ധതികൾ നിർമ്മിക്കുന്നതിന് കേരള ഭൂജലവകുപ്പിന് തുക നൽകൽ (206/25) | XVFC/2024-2025/ P/19/20.01.2025 | 4,89,233/- | 0 | 4,89,233/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല -

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻ വർഷം ലഭിച്ച വായ്പ (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് | സ.ഉ.(കൈ)നം.68/2018/ ത.സ്വ.ഭ.വ. തീയതി. 18.05.2018 | 5,88,80,000/- | 3,58,82,221/- | 24,73,968/- | 47,91,989/- | | 3,38,19,737/- |

വാർഷികകണക്കിന്റെ കൃത്യത പരിശോധിച്ചപ്പോൾ, മുൻവർഷത്തെ നീക്കിയിരിപ്പിൽ വ്യത്യാസമുള്ളതായി കണ്ടു. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ₹3,61,37,758/- ആണ്. പ്രസ്തുത തുകയാണ് തൻവർഷ മുന്നിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത്.

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹) | 2,04,000/- |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) (₹) | 90,000/- |
| ആകെ (₹) | 2,94,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹) | 2,94,000/- |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക (₹) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാപ്പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (FD NO - 0132) | 28.10.2021 | 28.02.2022 മുതൽ 28.02.2023 വരെ | 10,79,820/- | നിലവിൽ ലഭ്യമായ സർട്ടിഫിക്കറ്റ് പ്രകാരം ₹2,94,000/- മാത്രമാണുള്ളത്. എന്നാൽ വാർഷികകണക്കിൽ ബി-12 പത്രികയിൽ സ്ഥിരനിക്ഷേപ നീക്കിയിരിപ്പ് ₹21,72,166/- ആകുന്നു. സ്ഥിരനിക്ഷേപരജിസ്റ്റർ ആനുകാലികമാക്കാത്തതിനാലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാലും |

| | | | | | |
|---|---|---|---|---|---|
| | | | | | സ്ഥിരനിക്ഷേപസർട്ടിഫിക്കറ്റ് പ്രകാരമുള്ള തുകയാണ് ഇവിടെ ചേർത്തിരിക്കുന്നത്. സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച വിവിധ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 13/12.08.2025 - ൽ നൽകിയിരുന്നു. മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ഖണ്ഡിക നം. 1-36 - ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 2 | ബാലഗ്രാം സർവ്വീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി (FD NO - 302-2193) | 03.08.2022 | 03.08.2023 മുതൽ 03.08.2025 വരെ | 10,90,000/- | |
| ആകെ | | | | 21,69,820/- | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹70,566/- – യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക നം. | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ഡി.ഡി. നം./തീയതി |
|---|---|---|---|---|
| 2023-2024 | 3-1 | 34,181/- | ശ്രീമതി ശശികല കെ.എസ്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 1240301331/15.01.2025 |
| 2023-2024 | 1-11 | 36,385/- | ശ്രീ ഉദയഭാനു കോൺട്രാക്ടർ | 00924/12403 1240300925/31.05.2024 |
| ആകെ | | 70,566/- | | |

## 4-8 സമാഹൃതഓഡിറ്റ്റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 – ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-1998 | 2-22 | 2000-2001 | അദ്ധ്യായം - 4 (41) | തൊഴിൽക്കരം പിരിച്ച് ₹27,900/- അപഹരിച്ചു | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| വിഷയാധിഷ്ഠിത അവലോകനം | 2-1 | 2014-2015 | അനുബന്ധം-4 | കർഷകത്തൊഴിലാളി പെൻഷൻ - ഗുണഭോക്തൃ തിരഞ്ഞെടുപ്പും പെൻഷൻ വിതരണവും | - ടി - |
| 2014-2015 | 2-1 | 2016-2017 | അനുബന്ധം-3 | വസ്തുനികുതി അപാകങ്ങൾ | - ടി - |
| 2015-2016 | 2-1 | 2016-2017 | അനുബന്ധം-5 | തൊഴിൽ നികുതി അപാകങ്ങൾ | - ടി - |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

### (എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

### (ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ (ഉണ്ട്/ഇല്ല) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക (₹) | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക (₹) | | | | ഉൾപ്പെട്ട തുക (₹) | ഈടാക്കിയ തുക (₹) | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1999-2000 | ഖ-27, 29(11), 31 | ശ്രീ ജി. ഗോപാലകൃഷ്ണൻ നായർ ജെ.എസ്. | എൽ എഫ്. 14049/2003 തീ.13.01.2004 | 7,908/- | 0 | ഇല്ല | | | | | 7,908/- | |
| 2 | 2000-2001 | 24 | ശ്രീ. ആർ.കെ. സുനിൽകുമാർ | എൽ എഫ്. 14812/2005 തീ.22.02.2007 | 50,000/- | 0 | ഇല്ല | | | | | 50,000/- | |
| 3 | 2008-2009 | ഖ 3-2 | ശ്രീ ഉഷാനന്ദൻ എ.ഇ. | എൽ എഫ്. 16179/2013 തീ.02.03.2015/ 04.03.2015 | 10,629/- | രസീത് നം. 1141510443 തീ. 09.10.2014 | ഇല്ല | | | | | 0.00 | |
| 4 | 2000-2001 | 26,31, 32,33, 34(2), 34(3), 41,42 | ശ്രീ കെ. തങ്കപ്പൻ | എൽ എഫ്.14312 SP.CELL/ SC2/2005 തീ.30.10.2006 | 44,046/- | ചെക്ക് നം. 15983725 തീ. 25.04.2007 | ഇല്ല | | | | | 0.00 | |
| 5 | 2002-2003 | 3(7), 3(8) | ശ്രീ പി.എ. പ്രകാശൻ | എൽ എഫ്. 2367 SP.CELL/ SC2/2007 തീ.28/01/2010 | 4,789/- | 0 | ഇല്ല | | | | | 4,789/- | |
| 6 | 2003-2004 | 3(8), 3(11) | ശ്രീ ഗോപാലൻ ചെട്ടിയാർ | എൽ എഫ്. 8513/ SPI.CELL/ SC2/2008 തീ.02.03.2015 | 10,000/- | 0 | ഇല്ല | | | | | 10,000/- | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്തവിവരം**

| | |
|---|---|
| മുന്നിരിപ്പ് (₹) | 3,04,31,959/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 4,82,41,827/- |
| ആകെ (₹) | 7,86,73,786/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 4,02,16,211/- |
| നീക്കിയിരിപ്പ് (₹) | 3,84,57,575/- |
| (കുറിപ്പ്:- പഞ്ചായത്തിന്റെ 2024-2025 ലെ റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്.) | |
| വരവിനങ്ങളിലുള്ള നഷ്ടം (₹) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം(₹)/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 94,666.34/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹) | ₹7,61,210/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | - | 87,666/- | ശ്രീമതി ഗീതു ജെ. പണിക്കർ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 7,000/- | ശ്രീമതി ബോൺസി ജോസഫ് കൃഷി ഓഫീസർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 6,650/- | ശ്രീ സ്റ്റാലിൻ ജോസ് ഇ.റ്റി. സെക്രട്ടറി |
| 1-15 | 54,560/- | ശ്രീ സ്റ്റാലിൻ ജോസ് ഇ.റ്റി. സെക്രട്ടറി |
| 1-21 | 7,00,000 | ശ്രീ സ്റ്റാലിൻ ജോസ് ഇ.റ്റി. സെക്രട്ടറി |
| ആകെ | 7,61,210/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

- ഇല്ല -

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

- ഇല്ല -

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരംമേൽവിലാസം |
|---|---|---|
| ശ്രീമതി ഗീതു ജെ. പണിക്കർ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ പാമ്പാടുംപാറ ഗ്രാമപ്പഞ്ചായത്ത് | പുന്നയ്ക്കൽചിറ തണ്ണീർമുക്കം പി.ഒ. ചേർത്തല ആലപ്പുഴ. |
| ശ്രീമതി ബോൺസി ജോസഫ് കൃഷി ഓഫീസർ | കൃഷി ഓഫീസർ പാമ്പാടുംപാറ ഗ്രാമപ്പഞ്ചായത്ത് | കയ്യുന്നപ്പാറയിൽ, വലിയതോവാള പി.ഒ. വലിയതോവാള. |
| ശ്രീ സ്റ്റാലിൻ ജോസ് ഇ.റ്റി. സെക്രട്ടറി | സെക്രട്ടറി പാമ്പാടുംപാറ ഗ്രാമപ്പഞ്ചായത്ത് | ഉഷസ് അഞ്ചാലിക്കോണം ആയിര പി.ഒ. |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകൾ |
|---|---|---|---|
| 2000-2001 | കെ.എസ്.എ.ഐ.ഡി.കെ.പി6/1327/ (2000-2001)/(അദാലത്ത്)/2022/14.09.2022 | 3 | 23, 24, 26 |
| 2003-2004 | കെ.എസ്.എ.ഐ.ഡി.കെ.പി6/1327/ (2003-2004)/(അദാലത്ത്)/2022/14.09.2022 | 2 | 3-8, 3-11 |
| 2009-2010 | കെ.എസ്.എ.ഐ.ഡി.കെ.പി6/1327/ (2009-2010)/ | 1 | 2-5 |

| | | | |
|---|---|---|---|
| | (അദാലത്ത്)/22/14.09.2022 | | |
| 2010-2011 & 2011-2012 | കെ.എസ്.എ.ഐ.ഡി.കെ.പി6/1327/ (2010-2011 & 2011-2012)/(അദാലത്ത്)/2022/14.09.2022 | 11 | 2-1, 2-2, 3-2, 3-16 മുതൽ 3-23 വരെ |
| 2012-2013 | കെ.എസ്.എ.ഐ.ഡി.കെ.പി6/1327/ (2012-13)/ (അദാലത്ത്)/2022/14.09.2022 | 2 | 3-1, 3-5 |
| 2013-2014 | കെ.എസ്.എ.ഐ.ഡി.കെ.പി6/1327/ (20113-2014)/ (അദാലത്ത്)/2022/14.09.2022 | 3 | 3-2, 3-4, 3-5 |
| 2014-2015 | കെ.എസ്.എ.ഐ.ഡി.കെ-പി6/1327/ (2014-2015)/ (അദാലത്ത്)/2022/14.09.2022 | 3 | 2-1, 3-5, 3-10 |
| 2015-2016 | കെ.എസ്.എ.ഐ.ഡി.കെ.പി6/1327/ (2014-2015)/ (അദാലത്ത്)/2022/14.09.2022 | 9 | 2-1, 2-2, 2-3, 2-4, 3-1, 3-4, 3-5, 3-8, 3-9 |
| 2016-2017 | കെ.എസ്.എ.ഐ.ഡി.കെ.പി6/1327/ (2016-2017)/ (അദാലത്ത്)/2022/14.09.2022 | 3 | 2-4, 3-2, 3-5 |
| 2017-2018 | കെ.എസ്.എ.ഐ.ഡി.കെ.പി6/1327/ (2017-2018)/ (അദാലത്ത്)/2022/14.09.2022 | 2 | 2-3, 3-2 |
| 2018-2019 | കെ.എസ്.എ.ഐ.ഡി.കെ.പി6/1327/(2018-2019)/ (അദാലത്ത്)/2022/14.09.2022 | 9 | 1-15, 1-17, 1-18, 1-20, 1-21, 1-23(1), 1-26, 3-1, 3-2 |
| 2019-2020 | നം.കെ.എസ്.എ.ഐ.ഡി.കെ. 14/372/2021/07/05/2021 | 12 | 1-2-4, 1-8,1-9-2, 1-10-2, 1-11, 1-12, 1-14, 1-15, 1-21, 1-22, 1-24, 1-25 |
| 2020-2021 | നം.കെ.എസ്.എ.ഐ.ഡി.കെ. 12/1105/2022/30.07.2022 | 10 | 1-9 മുതൽ 1-18 വരെ |
| 2021-2022 | നം.കെ.എസ്.എ.ഐ.ഡി.കെ.പി6. 255/2023/25.04.2023 | 19 | 1-9 മുതൽ 1-13 വരെ, 1-14-2, 1-14-3, 1-7 മുതൽ 1-23 വരെ, 1-25, 1-26, 3-1, 3-2 |
| 2022-2023 | നം.കെ.എസ്.എ.ഐ.ഡി.കെ.പി6. 1063/2023/16.11.2023 | 29 | 1-1-1 മുതൽ 1-1-4 വരെ, 1-3-1, 1-3-2, 1-8, 1-10 മുതൽ 1-20 വരെ, 1-21 മുതൽ 1-31 വരെ, 3-1, 3-2 |
| 2023-2024 | നം.കെ.എസ്.എ.ഐ.ഡി.കെ.പി6. 957/2024/28.03.2025 | 37 | 1-1-2 മുതൽ 1-1-10 വരെ, 1-3, 1-3-1, 1-8 മുതൽ 1-29 വരെ, 3-1, 4-4, 4-7, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 26-06-2025 and submitted on 21-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Pampadumpara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Pampadumpara Grama Panchayat as on 31-03-2025

**Date: 01/11/2025**

**Deputy Director**
**District Office Idukki**
**Kerala State Audit Department**

**Audit Report appended to the Audit Certificate of Pampadumpara Grama Panchayat for the Year 2024-2025 .**

**1.Major Observations**

**2.Other Observations**

| | |
|---|---|
| 1 | The following mandatory financial statements prescribed in accounting rules are not submitted for audit<br>(i) Notes to accounts (ii) Ratios. |
| 2 | Cash flow statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents. |
| 3 | Asset register is not kept up to date. |
| 4 | Depreciation recorded could not be verified in the absence of calculation sheets. |
| 5 | Provision has not been recorded in accordance with the outstanding amount. |
| 6 | Lack of authenticated journal vouchers for supporting the adjustment entries recorded in prior period items |
| 7 | Payment voucher- Misclassification(Capital Work in Progress-Figures do not match) |
| 8 | Payment voucher- Misclassification Income and Expenditure of grants do not reflect as such in AFS. |
| 9 | Payment voucher misclassification (Amount is not included in the title reflectiong the purpose.) |
| 10 | The figures in the register concerned do not match with those of AFS. |

**<u>അനുബന്ധം-2</u>**
**<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>**

ഇടുക്കി ജില്ലയിലെ പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്